
# കേശവന്റെ കഥ എന്റെ വിധിയും

കഥകൾ




എസ് കാച്ചപ്പിള്ളി

# കേശവന്റെ കഥ എന്റെ വിധിയും

എസ്.കാച്ചപ്പിള്ളി

# KESAVANTE KATHA ENTE VIDHIYUM
(MALAYALAM- **കഥകൾ**)

Author:
S.KACHAPPILLY

Ph:9446459784
e-mail: sebastiankachappilly@yahoolcom
Web: www.kachappilly.in
Face Book: sebastian kachappilly
Youtube: sebastiankachappilly

Published by:
SAMSKARA, NAYARAMBALAM
KOCHI-682509

Published on:
April 2022

Distributed by:
SAMSKARA NAYARAMBALAM
KOCHI-682509.

1. കേശവന്റെ കഥ എന്റെ വിധിയും
2. തോറ്റ വിദ്യാർത്ഥിയുടെ പഠനം
3. കാട്ടുമാക്കാൻ
4. കാൽച്ചുവട്ടിലെ റീത്ത്
5. പോലീസുകാർക്കിടയിലെ കള്ളൻ
6. വയ്യ, ഇനി ഒരു പരീക്ഷണം കൂടി
7. സർക്കാർ നിയമനങ്ങൾ
8. പ്രതീക്ഷ നഷ്ടപ്പെട്ടവൻ
9. പെട്ടിക്കടകൾക്കിടയിലെ കാമ്പസ് ജീവിതങ്ങൾ
10. പാരവശ്യത്തിനൊരു ശമനം

## കേശവന്റെ കഥ എന്റെ വിധിയും

**പാ**ർട്ടി അതിന്റെ ചെയർമാനെ തിരഞ്ഞെടുക്കുവാനുള്ള തയ്യാറെടുപ്പിലായിരുന്നു. പാർട്ടി സംസ്ഥാന കമ്മിറ്റി വിളിച്ചിരിക്കുകയാണ്. ഔദ്യോഗിക യോഗം ചേരുന്നതിനു മുമ്പ് അനൗദ്യോഗിക യോഗം ചേർന്ന് തീരുമാനങ്ങളെടുത്തിരുന്നു. പൊതുയോഗത്തിനു മുന്നോടിയായിചേരുന്ന സംസ്ഥാന കമ്മിറ്റിയിലെ തീരുമാനത്തിന് ഏറെ പ്രസക്തിയുണ്ട്. പത്രക്കാരും ചാനലുകാരും തുടങ്ങി എല്ലാവിധ സന്നാഹങ്ങളുമുണ്ടാകും. കുട്ടി നേതാക്കൾക്ക് വലിയ നേതാക്കളോടൊപ്പം തല കാണിക്കാൻ മോഹമുദിക്കുന്നുണ്ടാകണം. അവർക്ക് പ്രവേശനം ലഭിക്കണമെങ്കില് തലമൂത്ത നേതാക്കളുടെ അനുവാദം വേണം. വല്ലവർക്കും കിട്ടിയാൽതന്നെ അതൊരു വലിയ സംഭവമാണ്. പിന്നെ പിന്നെ പാർട്ടിയിൽ വച്ചടി വച്ചടി കയറ്റമായിരിക്കും. എന്തിനും ഏതിനും ബഹളം വക്കാനും തല്ലു കൂടാനും തല്ലു കൊള്ളാനുമൊക്കെ കുട്ടി നേതാക്കളും അനുയായികളും തന്നെ വേണം. അത്തരമൊരു അവസരത്തിലൂടെ വലിയ നേതാക്കളോടൊപ്പം വേദിയിൽ എത്തിപ്പെടാൻ കഴിഞ്ഞതാണ് കേശവന്റെ മിടുക്കായി മാറിയത്.

ആദ്യമാദ്യം ജില്ലാ ഭാരവാഹിയും പിന്നീട് സംസ്ഥാന ഭാരവാഹിയുമായിരുന്ന വാരസ്യാരുടെ മുറുക്കാൻ ചെല്ലം ചുമക്കാൻ ഭാഗ്യം കിട്ടിയെന്നതായിരുന്നു കേശവന് തുണയായത്. വാരസ്യാർ പറയുന്നത് അച്ചട്ട് ഏറ്റുപാടി കളം കൊഴുപ്പിക്കുന്നതിൽ കേശവന് മിടുക്ക് തന്നെയുണ്ടായിരുന്നു. അതുകൊണ്ടു തന്നെ കേശവന്റെ സഹായം കൊണ്ട് വാരസ്യാർക്ക് കുറച്ചൊന്നുമല്ല ജനകീയാടിത്തറ ബലപ്പെടുത്താൻ കഴിഞ്ഞത്. വാരസ്യാർക്ക് വേണ്ടി അയാളുടെ പിന്തുണയോടെ അടുത്ത നേതാക്കളെ വരെ കേശവൻ ചൊൽപ്പടിയിൽ നിറുത്തി. അധികാരത്തിന്റെ ബലത്തിൽ അവർക്ക് വേണ്ടത് തരപ്പെടുത്തി കൊടുക്കാനും കേശവൻ മടിച്ചിരുന്നില്ല. എല്ലാത്തിനും വാരസ്യാരുടെ പിന്തുണയും ലഭിച്ചതോടെ പാർട്ടിയിലെ കേശവന്റെ സ്ഥാനം ഒരു പടി കൂടി കയറി.

കേശവന് പാർട്ടിയിൽ സ്ഥാനമാനങ്ങൾ ഒന്നുമില്ലെന്നത് ഒരു കുറവായി മറ്റു നേതാക്കളാരും ഗൗനിച്ചില്ല. തങ്ങളുടെ ആവശ്യങ്ങൾ വാരസ്യാർ ഇടപെടേണ്ട കാര്യമുണ്ടെങ്കിൽ പോലും കേശവൻ നേടിത്തരുന്നതിനാൽ മറ്റു നേതാക്കൾക്കും മുറുമുറുപ്പുണ്ടായിരുന്നില്ല. പക്ഷെ കേശവൻ തനിക്ക് പാർട്ടിയിൽ പ്രത്യേക സ്ഥാനങ്ങളില്ല എന്നത് കുറവായി തന്നെ കണ്ടു. അയാൾ മറ്റിതര ആവശ്യങ്ങളുമായി എത്തുന്നവരെ തന്റെ ഇംഗിതം അറിയിക്കും. നമ്മുടെ കാര്യങ്ങൾ നേടിയെടുക്കുന്നതിന് നമുക്ക് തന്നെ അങ്ങോട്ടും ഇങ്ങോട്ടും പാലം വേണ്ട

തുണ്ടെന്ന് പറയും. അങ്ങനെയാണ് അയാൾക്ക് പാർട്ടിയിൽ സ്ഥാനമാനങ്ങൾ ലഭിച്ചത്. പാർട്ടിയിൽ സ്ഥാനമാനങ്ങൾ ലഭിച്ചതിൽ മറ്റുള്ളവർക്കായിരുന്നു അയാളേക്കാൾ കൂടുതൽ സന്തോഷം. പാർട്ടി അംഗങ്ങളും ബന്ധുക്കൾക്കും സുഹൃത്തുക്കൾക്കും വഴിവിട്ട തീതിയിൽ വാരിക്കോരി നിയമനങ്ങളും നേട്ടങ്ങളും നൽകുന്നതിൽ പിശുക്കൊന്നും കേശവൻ കാണിച്ചിരുന്നില്ല. മറ്റു നേതാക്കൾക്ക് ഇളവ് നൽകുന്നതിൽ അയാളുടെ മിടുക്ക് എടുത്ത് പറയേണ്ടതായിരുന്നു.

വാരസ്യാരുടെ കൂടെ നടന്ന കാലയളവിൽ പഠിച്ചു വച്ച അടവു നയങ്ങളൊക്കെ അയാൾ കൂടുതൽ തേച്ചു മിനുക്കി പാർട്ടിയിലെ തന്നെ എതിരാളികളുടെ നേർക്ക് പ്രയോഗിക്കും. നാവിന്റെ മിടുക്കും പാർട്ടി ക്ലാസുകളിൽ നേടിയെടുത്ത പാർട്ടി സൂക്തങ്ങളുമൊക്കെ അയാൾ ചടുലമായി തന്നെ പ്രയോഗിച്ച് എതിരാളികളെ മാത്രമല്ല പാർട്ടിയിൽ അപ്രമാദിത്വം നേടിയെടുത്തവരേയും വരുതിക്ക് നിറുത്തുന്നതിൽ വിജയിക്കുകയും ചെയ്തു.

ആ കേശവനാണ് മറ്റുള്ളവരുടെ നിർബന്ധത്തിന് വഴങ്ങിയെന്നവണ്ണം പാർട്ടി ഭരണം വീണ്ടും ഏറ്റെടുക്കാനായി ചെയർമാന്റെ സ്ഥാനത്തേക്ക് എതിരാളികളില്ലാതെ തിരഞ്ഞെടുക്കപ്പെടുന്നത്. അയാളുടെ ജാതിയും മറ്റിതര നേതാക്കളോട് താൻമൂലം അവർ ചോദിച്ചു വാങ്ങിയ സ്ഥാനമാനങ്ങളും വഴിവിട്ട നേട്ടങ്ങളേയുമൊക്കെ ഇടക്കിടെ

ഓർമ്മിപ്പിച്ചുമൊക്കെ അയാൾ അവർക്കിടയിലെ പൊതുസ്വീകാര്യനായി മാറുകയായിരുന്നു. എല്ലി ല്ലാത്ത നാവുകൊണ്ട് അയാളും സംഘവും പറ യുന്ന നിലവാരം കുറഞ്ഞ കാര്യങ്ങളെ അഭിമുഖീക രിക്കാനുള്ള മടിയുമൊക്കെയായി അയാൾ വീണ്ടും പാർട്ടി ചെയർമാനായി.

പാർട്ടിയിലെ തന്റെ അപ്രമാദിത്വം ഒരി ക്കൽകൂടി സ്ഥാപിച്ചെടുക്കുവാനുള്ള ശ്രമത്തിലായി രുന്നു കേശവൻ. അണികൾക്കിടയിൽ തന്റെ സ്വീ കാര്യതക്ക് കോട്ടം തട്ടാനാവാത്തവിധം മറ്റു നേതാ ക്കളെ തന്റെ സ്തുതിപാഠകരാക്കി മാറ്റുന്നതിൽ അയാൾ വിജയിക്കുക തന്നെ ചെയ്തു. എന്തിനും ഏതിനും മറ്റിതര നേതാക്കൾ കേശവന്റെ തെറ്റുകളെ ചൂണ്ടിക്കാണിക്കാൻ ഭയന്നു. സംഘടിത ശക്തി യിൽ സംഘം ചേർന്നുള്ള കാര്യസാധ്യത്തിന് കേശ വൻ തന്നെ ചെയർമാൻ സ്ഥാനത്തേക്ക് തുടരണ മെന്ന് അവർ ഒറ്റക്കെട്ടായി തീരുമാനമെടുത്തു. അപ്പോഴേക്കും വീതം വക്കലിൽ പങ്കുചേരാൻ കുട്ടി നേതാക്കളുമെത്തിയിരിക്കും.

അങ്ങനെയാണ് പാർട്ടി ചെയർമാന്റെ ബുദ്ധി യിൽ പാർട്ടി പത്രം മാത്രം പോരാ എന്ന അഭി പ്രായം മുളപൊട്ടിയത്. പാർട്ടിക്ക് സ്വന്തമായി ഒരു ചാനൽ എന്ന ആശയം അങ്ങനെ എളുപ്പത്തിൽ എല്ലാവർക്കും സ്വീകാര്യമായി. കേശവന്റെ ചിത്ര ത്തോടൊപ്പമുള്ള വാർത്തകളും അയാളെ വാനോളം പുകഴ്ത്തുന്ന ഡോക്യുമെന്ററിയുമൊക്കെ

ദിവസേനയെന്നോണം ചാനലിൽ വന്നു കൊണ്ടിരുന്നു. ചാനലിൽ തങ്ങളുടെ മുഖം പ്രത്യക്ഷപ്പെടാനായി കുട്ടിനേതാക്കളും കേശവന്റെ മുഖസ്തുതി പാഠകരായി. അതുകൊണ്ടുതന്നെ കേശവന്റെ ജനകീയാടിത്തറ കൂടുതൽ പ്രബലമായി.

കാര്യസാധ്യത്തിന് കുറവൊന്നുമില്ലാതിരുന്നതിനാൽ മറ്റിതര നേതാക്കളൊന്നും എതിരഭിപ്രായം പറഞ്ഞതുമില്ല. പാർട്ടിയിലെ നയവ്യതിയാനമെന്നൊക്കെ പറഞ്ഞ് ഒറ്റപ്പെട്ട മുറുമുറുപ്പുകൾ ഉണ്ടായെങ്കിലും അവയെല്ലാം മറ്റിതര നേതാക്കളുടെ സംഘടിത ശക്തിയിൽ ചായക്കോപ്പയിലെ കൊടുങ്കാറ്റ് കണക്കെ പരിണമിച്ചുള്ളൂ.

വിദേശയാത്രയുമായി ബന്ധപ്പെട്ട് ചില ആരോപണങ്ങളൊക്കെ വന്നപ്പോഴും പാർട്ടിയിൽ തന്റെ ഇംഗിതത്തിനെതിരായി ആരും ഉരിയാടാതിരിക്കാൻ അയാൾ ശ്രദ്ധിച്ചിരുന്നു. രാജ്യ താൽപ്പര്യമെന്നും ചികത്സാർത്ഥമെന്നുമുള്ള വിദേശ യാത്രയിൽ വീട്ടുകാരും പാർട്ടിയിലെ തന്റെ ചൊൽപ്പടിക്കു നിൽക്കുന്ന മുതിർന്ന നേതാക്കളേയുമൊക്കെ പങ്കെടുപ്പിക്കുന്നതിനാൽ അത്തരം യാത്രകൾ വിനോദയാത്രകളായി പരിണമിച്ചു. അപ്പോഴും യാത്ര പുറപ്പെടുമ്പോഴും യാത്ര അവസാനിപ്പിച്ച് തിരിച്ചു നാട്ടിലേക്ക് വരുമ്പോഴുമൊക്കെ അണികളെ നിരത്തി മുദ്രാവാക്യം മുഴക്കി തന്റെ അപ്രമാദിത്വം തെളിയിച്ചു. കുട്ടിനേതാക്കൾ തങ്ങൾക്ക് അടുത്ത നാളുകളിൽ ലഭിക്കുവാൻ പോകുന്ന പാർട്ടി സ്ഥാന

ങ്ങളും ഭരണപരമായ സ്ഥാനങ്ങളുമൊക്കെ പ്രതീക്ഷിച്ച് കൂടുതൽ ഉച്ചത്തിൽ തൊണ്ടകീറി.

ഒരിക്കൽ പാർട്ടി ഓഫിസിൽ കൂടിയ യോഗത്തിലാണ് സംസ്ഥാനത്തെ നിയമനങ്ങളുടെ ചോദ്യപേപ്പർ പാർട്ടി പ്രസ്സിൽ അച്ചടിക്കണമെന്ന ആവശ്യം തങ്ങളുടെ വികാരമെന്നോണം കുട്ടിനേതാവ് അവതരിപ്പിച്ചത്. ആലോചിച്ചപ്പോൾ അംഗങ്ങളെല്ലാം തന്നെ ആവേശം കൊണ്ടു. അണികളെക്കൊണ്ട് സാമൂഹ്യ മാധ്യമങ്ങളിൽ ഉണ്ടായേക്കാവുന്ന വിമർശനങ്ങളെ എങ്ങനെയെല്ലാം നേരിടാം എന്നതായി ചർച്ച. അത്തരം കാര്യങ്ങളെല്ലാം തനിക്ക് വിട്ടുതന്നേക്കാൻ കേശവൻ പറഞ്ഞപ്പോൾ എല്ലാവർക്കും എക്കാലത്തേയുംപോലെ അതും സ്വീകാര്യമായി. തങ്ങൾക്ക് ലഭിക്കാൻ പോകുന്ന ചോദ്യപേപ്പർ മനസ്സിലോർത്ത് കുട്ടിനേതാക്കൾ കൂട്ടത്തോടെ കേശവനായി മുദ്രാവാക്യം മുഴക്കി തൊണ്ടകീറി.

തന്നെ ചെയർമാനായി തിരഞ്ഞെടുത്തതുകൊണ്ടാണ് നമുക്ക് സംഘം ചേർന്ന് ഇത്തരം നേട്ടങ്ങൾ കൊയ്യാൻ കഴിയുന്നതെന്നും അതിനാൽ തുടർ ചെയർമാനായി താൻ തന്നെ വരേണ്ടതിന്റെ ആവശ്യകതയും ചൂണ്ടിക്കാണിക്കുമ്പോൾ ഹാളിൽ കൂടിയിരുന്നവർ ആവേശം കൊണ്ട് മുദ്രാവാക്യം വിളിച്ചുകൊണ്ടിരുന്നു.

@@@@

## തോറ്റ വിദ്യാർത്ഥിയുടെ പഠനം

**ഞാ**ൻ എൽ.എൽ.ബി ക്ക് ചേർന്ന് പഠിക്കുമ്പോഴാണ് എൽ.എൽ.ബി.യുടെ മാസ്റ്റർ പഠനത്തിനാവശ്യമായ പ്രവേശന പരീക്ഷ നടക്കുന്നത്. എൽ.എൽ.എം.ന് പഠിക്കണമെന്നത് എന്റെ ആഗ്രഹമായിരുന്നു. വിദ്യാർത്ഥി സംഘടനയുടെ ഭാരവാഹിയായിയുള്ള എന്റെ കോളേജിലെ നേതൃത്വം എനിക്ക് അത്ര എളുപ്പത്തിൽ ഉപേക്ഷിക്കാൻ കഴിയുകയില്ലായിരുന്നു. അങ്ങനെയാണ് ഞാൻ എൽ. എൽ.എം. എൻഡ്രൻസ് പരീക്ഷക്ക് തയ്യാറെടുപ്പ് തുടങ്ങിയത്. എൽ.എൽ.ബി പഠനത്തിന് തയ്യാറെടുത്തതിൽ കൂടുതൽ എന്തുകൊണ്ടോ എനിക്ക് പരിശ്രമിക്കാൻ കഴിഞ്ഞു. അതുകൊണ്ടു തന്നെ എന്റെ എൻഡ്രൻസ് അത്ര മോശമൊന്നുമായി എനിക്ക് തോന്നിയില്ല. മുൻഗണനാ വിഭാഗത്തിലായിരുന്നതിനാൽ പലരേയും പിന്നിലാക്കി വേഗത്തിൽ എനിക്ക് അഡ്മിഷൻ ലഭിച്ചു.

എന്റെ രക്തത്തിൽ അലിഞ്ഞു ചേർന്നതായിരുന്നു രാഷ്ട്രീയം. ഞാൻ കുട്ടിയായിരിക്കുമ്പോൾ എന്റെ അച്ഛന്റെ രാഷ്ട്രീയമായിരുന്നു എന്റെ

രാഷ്ട്രീയവും. ജാഥ വരുമ്പോളെല്ലാം ജാഥയിൽ പങ്കെടുക്കാൻ അച്ഛനോടൊത്ത് ഞാനുമുണ്ടാകും. അച്ഛന് എന്നെ ജാഥക്ക് കൊണ്ടു പോകുന്നതിൽ സന്തോഷമെ ഉണ്ടായിരുന്നുള്ളൂ. എനിക്കാകട്ടെ ജാഥയിൽ വിളിക്കുന്ന മുദ്രാവാക്യങ്ങൾ അപ്പാടെ പഠിച്ചെടുക്കുക എന്നത് വലിയ താത്പര്യമുള്ളതും രസകരവുമായ കാര്യമായിരുന്നു. ആരെയൊ ചീത്ത പറയുന്നതായി എനിക്ക് തോന്നിയതല്ലാതെ പല മുദ്രാവാക്യങ്ങളുടേയും അർത്ഥങ്ങളൊന്നും മനസിലായിരുന്നില്ല. പലപ്പോഴും അങ്ങുമിങ്ങും പറയുന്ന തെറികളും മുദ്രാവാക്യങ്ങളുമൊക്കെ ഞാൻ ഹൃദിസ്ഥമാക്കുന്നതിൽ താൽപര്യം കാണിച്ചു. മറ്റുള്ളവർക്ക് എന്റെ ഉച്ചത്തിലുള്ള മുദ്രാവാക്യം വിളി ഏറെ രസകരമായി തോന്നി. അതുകൊണ്ടു തന്നെ അച്ഛൻ എന്റെ മുദ്രാവാക്യം വിളിയിൽ അഭിമാനം കൊള്ളുന്നതായി എനിക്ക് മനസ്സിലായി.

സ്ക്കൂൾതല വിദ്യാഭ്യാസം പൂർത്തിയാക്കുന്ന കാലയളവിലും അച്ഛന്റെയും രാഷ്ട്രീയ സുഹൃത്തുക്കളുടേയും പ്രേരണക്ക് വഴങ്ങി സ്ക്കൂളിലും രാഷ്ട്രീയ സമരങ്ങൾ ഉണ്ടാക്കുവാൻ ഞാൻ ശ്രമിച്ചിട്ടുണ്ട്. സമരത്തെപ്പറ്റി പറയുമ്പോൾ കൂടെ പഠിക്കുന്നവരുടെ മാതാപിതാക്കൾ വടിയുമായി സ്ക്കൂളിന്റെ ഗേറ്റിൽ തമ്പടിക്കുക പതിവാക്കി. അതുകൊണ്ടുതന്നെ എനിക്ക് സ്ക്കൂളിൽ ജാഥയും ബഹളവുമെന്ന എന്റെ വലിയ ആഗ്രഹം നടക്കാതെ പോയി. എങ്കിലും ആവശ്യത്തിനും അനാവശ്യത്തിനുമൊക്കെ ബഹളമുണ്ടാക്കുന്നതിൽ ഞാൻ വലിയ

താത്പര്യം കാണിച്ചിരുന്നു. അപ്പോഴും അച്ഛന്റെ കൂടെ ജാഥ വിളിക്കാൻ പോകുമ്പോൾ കിട്ടുന്ന പരിപ്പുവടയുടെ സ്വാദ് എന്നെ വല്ലാതെ കൊതിപ്പിച്ചിരുന്നു.

പിന്നീട് എപ്പോഴൊ സ്ക്കൂളിൽ നിന്നും കോളേജിൽ പ്രവേശിച്ചപ്പോഴാണ് സമരം എന്റെ ആവേശമായി മാറുന്നത്. അഡ്മിഷൻ നടക്കുന്ന സ്ഥലത്ത് എന്റെ അഡ്മിഷനായുള്ള ഊഴം കാത്ത് നിൽക്കുന്ന സമയത്തായിരുന്നു ജാഥയുമായി അവിടെ പഠിക്കുന്ന വിദ്യാർത്ഥികൾ എത്തിയത്. അഡ്മിഷൻ ഫീസ് ഇളവ് ചെയ്തു കൊടുക്കണം എന്നൊ മറ്റൊ ആയിരുന്നു ആവശ്യങ്ങൾ. ഞാനും ആവേശത്തോടെ ജാഥയിൽ പങ്കെടുത്തു. അങ്ങനെ ഞാൻ കോളേജിൽ പ്രവേശനം ആകുന്നതിനു മുമ്പെ തന്നെ രാഷ്ട്രീയ സമരങ്ങളിൽ പങ്കാളിയായി. കനത്ത ശബ്ദത്തിൽ ഏറ്റു പറഞ്ഞു കൊണ്ടുള്ള എന്റെ മുദ്രാവാക്യം വിളി ജാഥയിൽ പങ്കെടുത്തിരുന്നവർ ശ്രദ്ധിച്ചിരിക്കണം. ചിലരെങ്കിലും എന്നോട് വന്ന് കുശലം പറഞ്ഞു. ജാഥയിൽ പങ്കെടുത്തിരുന്നവർ അവരിൽ ഒരാളായി, ശക്തനായ പ്രവർത്തകനായി എന്നെ ചേർത്തിരിക്കണം. എന്റെ കൂടെ വന്ന് അഡ്മിഷൻ കാര്യങ്ങൾ നടത്തിക്കൊടുക്കുവാൻ അവർ മേലധികാരികളോട് നിർദ്ദേശിക്കുകയായിരുന്നു. അവരുടെ നിർദ്ദേശം കാരണമായിരിക്കണം എനിക്ക് അഡ്മിഷൻ ലഭിക്കുന്നതിനായി ക്യൂവിൽ നിലയുറപ്പിക്കേണ്ടി വന്നില്ല.

പിന്നീടങ്ങോട് സമരവും ജാഥയുമെല്ലാം എനിക്ക് ഹരമായി മാറി. സമരമുള്ള ദിവസങ്ങളിൽ മുതിർന്ന വിദ്യാർത്ഥികൾ എനിക്കാണ് പല കാര്യങ്ങളിലും നിർദ്ദേശം തരിക. എന്റെ ബാച്ചിൽ ഞാൻ ചോദ്യം ചെയ്യാനാവാത്ത നേതാവായി മാറിയിരുന്നു. അതുകൊണ്ടു തന്നെ ഞാൻ പറയുന്ന നിർദ്ദേശങ്ങളും അഭ്യർത്ഥനകളും വിദ്യാർത്ഥികൾ മാത്രമല്ല ഓഫീസിലും വലിയ സമ്മർദ്ദമില്ലാതെ തന്നെ സ്വീകാര്യമായി മാറി. മുതിർന്ന വിദ്യാർത്ഥികളിൽ ചിലരെങ്കിലും എന്നോട് നീരസം കാണിച്ചിരുന്നുവെങ്കിലും റാഗിങ് പോലുള്ള പരിപാടികളിൽ നിന്നും ജൂനിയറിലെ സീനിയർ എന്ന പരിഗണനയോടെ എന്നെ മാറ്റി നിറുത്തി പരിഗണിച്ചിരുന്നു.

സീനിയറായി മാറിയതോടെ സമരം സംഘടിപ്പിക്കുന്നതിലും ജൂനിയർമാരെ ആവശ്യം പോലെ സമരത്തിൽ പങ്കെടുപ്പിക്കുന്നതിലും ഞാൻ പ്രത്യേക താത്പര്യം പ്രകടിപ്പിച്ചു. ആയിടക്കാണ് ഒരു ജൂനിയർ വിദ്യാർത്ഥി എന്റെ പേരിൽ മേലധികാരികൾക്ക് പരാതി കൊടുക്കുന്നത്. എന്റേത് ക്രൂരമായ റാഗിങ്ങാണ് എന്ന പേരിലായിരുന്നു കംപ്ലയിന്റ്. പക്ഷെ ഞാനത് കാര്യമാക്കിയെടുത്തില്ല. അവന്റെ പരാതി പിൻവലിച്ചില്ലെങ്കിൽ അവനിവിടെ തുടർന്നു പഠിക്കാനാവില്ലെന്ന് എന്റെ സംഘത്തിലുള്ളവർ തീർത്തു പറഞ്ഞു. പറയുക മാത്രമല്ല അവനെ വേണ്ടുവിധം കൈകാര്യം ചെയ്യുന്നതിലൂടെ അവർ അവനെ ബോധ്യപ്പെടുത്തി കൊടുത്തു. സംഘം ചേർന്നുള്ള ഞങ്ങളുടെ പ്രകടനം കണ്ടപ്പോൾ തന്നെ ഓഫീ

സിൽ നിന്ന് ഒരാൾ ഇറങ്ങി വന്ന് പ്രശ്നങ്ങളൊക്കെ പരിഹരിച്ചുവെന്നും സമാധാനമായി പിരിഞ്ഞു പോകണമെന്നും പറഞ്ഞു. പ്രിൻസിപ്പാളിൽ നിന്നും കൃത്യമായ മറുപടി ലഭിച്ചിട്ടെ ഞങ്ങൾ പിരിഞ്ഞു പോയതുള്ളൂ.

എൽ.എൽ.ബി കഴിഞ്ഞ് കോളേജിൽ നിന്നും പോകുന്ന കാര്യം എനിക്ക് ഊഹിക്കാൻ കഴിയുമാ യിരുന്നില്ല. തുടർന്ന് എങ്ങനെയാണ് ഈ കോളേ ജിൽ തന്നെ തുടരുക എന്നതായിരുന്നു എന്റെ ചിന്ത. എൽ.എൽ.ബി തന്നെ വിജയിക്കുമൊ എന്ന റിയില്ല. അപ്പോഴാണ് അതിന്റെ മാസ്റ്റർ പഠനം നട ത്തുക എന്ന അഭിപ്രായം ഉയർന്നു വന്നത്. അങ്ങ നെയാണ് എൽ.എൽ.എം-ന് എൻഡ്രൻസ് പരീക്ഷ എഴുതുന്നത്. എൽ.എൽ.ബിയുടെ പരീക്ഷ റിസൽട്ട് വരുന്നതിനു മുമ്പ് തന്നെ എൽ.എൽ.എം-ന് എൻഡ്രൻസ് പരീക്ഷയെഴുതി. പ്രതീക്ഷകൾ മാറി മറിഞ്ഞു. എൽ.എൽ.ബി പരീക്ഷ ഞാൻ തോറ്റിരി ക്കുന്നു. എൻഡ്രൻസ് പരീക്ഷയിൽ എൽ.എൽ. എം.ന് പ്രവേശനം കിട്ടുവാനുള്ള സാധ്യതകൾ ഉള്ള റാങ്കിലായിരുന്നു ഞാൻ. മുൻഗണന വിഭാഗത്തിൽ ആയിരുന്നതിനാൽ പ്രവേശനം ഏതെങ്കിലും വിധ ത്തിൽ തരപ്പെടുത്തി തരാമെന്ന് എനിക്ക് ഉറപ്പും ലഭിച്ചു. അപ്പോഴാണ് എന്റെ എൽ.എൽ.ബിയുടെ റിസൽട്ട് വരുന്നത്. ഞാൻ എൽ.എൽ.ബിക്ക് പരാജ യപ്പെട്ടിരിക്കുന്നു.

എൽ.എൽ.ബി പരീക്ഷയുമായി ബന്ധപ്പെട്ടവരുമായി സംസാരിച്ചു. പരീക്ഷ പേപ്പർ റീ വാല്യുവേഷനയക്കുക എന്ന ആശയമാണ് ഉയർന്നു വന്നത്. പിന്നീട് റിസൽട്ട് വരുമ്പോൾ വിജയിപ്പിക്കാനാവശ്യമായ മാർക്ക് കൺസൺ തരാമെന്നും അങ്ങനെ വിജയിച്ചതായി പ്രഖ്യാപിക്കാമെന്നും മുതിർന്ന നേതാക്കൾ ഉറപ്പു നൽകി. എന്റെ എൽ.എൽ.ബി വിജയിച്ച സർട്ടിഫിക്കറ്റുകളൊന്നും അവർ ചോദിച്ചില്ല. മുതിർന്ന നേതാക്കൾ വന്ന് സർട്ടിഫിക്കറ്റ് ലഭിക്കുവാൻ താമസിക്കുമെന്നും തത്ക്കാലം പ്രവേശനം കൊടുക്കണമെന്നും ആവശ്യപ്പെട്ടു. അതു കൊണ്ടു തന്നെ എന്റെ പ്രവേശനം എളുപ്പമായിരുന്നു. അങ്ങനെയാണ് ഞാൻ എൽ.എൽ.എം-ന് ചേർന്നത്. തങ്ങൾക്ക് ആവശ്യമായ പ്രത്യുപകാരം ആവശ്യപ്പെടുമ്പോൾ തിരിച്ചും ഉണ്ടാവണമെന്നും നേതാക്കൾ ഓർമിപ്പിച്ചു.

എൽ.എൽ.എം.ന് പഠിക്കുമ്പോൾ തന്നെ ഞാൻ എന്റെ എൽ.എൽ.ബിയുടെ തോറ്റു പോയ പേപ്പറുകൾ എഴുതിയെടുത്തിരുന്നു. ആരും എന്നോട് എൽ.എൽ.എം.ന്റെ വിജയിച്ച സർട്ടിഫിക്കറ്റ് ചോദിച്ചിരുന്നില്ല. രണ്ടാം വർഷമായപ്പോഴാണ് എന്നോട് എൽ.എൽ.ബി വിജയിച്ച സർട്ടിഫിക്കറ്റിന്റെ കോപ്പി ഓഫീസിലില്ലെന്നും അതിനാൽ സർട്ടിഫിക്കറ്റ് ഹാജരാക്കിയാൽ മാത്രമെ തുടർന്നു പഠിക്കാൻ സാധിക്കൂ എന്ന അറിയിപ്പു വരുന്നത്. ഞാൻ സർട്ടിഫിക്കറ്റ് ഹാജരാക്കിയത് അവിടെയുള്ള സംഘടനാ നേതാക്കളോടൊത്താണ്. സർട്ടിഫിക്കറ്റ്

പ്രകാരം എൽ.എൽ.എം പ്രവേശന സമയത്ത് ഞാൻ എൽ.എൽ.ബി പാസായിട്ടുണ്ടായിരുന്നില്ല. ഞാൻ പരാജയപ്പെട്ടത് മനപൂർവ്വം മറച്ചു വക്കുകയായിരുന്നു. ഇപ്പോൾ പഠിക്കുന്ന കോളേജിലെ നേതാവായുള്ള എന്റെ പ്രകടനം അത്രമേൽ എന്നെ സ്വാധീനിച്ചിരുന്നു. അതുകൊണ്ടു തന്നെ എനിക്ക് എങ്ങനെ പ്രവേശനം ലഭിച്ചു എന്നത് അവർക്ക് പിടികിട്ടാത്ത കാര്യവുമായിരുന്നു.

സംഘടനാ നേതാക്കളുടെ നിർദ്ദേശപ്രകാരമായിരിക്കണം എന്റെ പ്രവേശന വിഷയം യൂണിവേഴ്സിറ്റിയുമായി ബന്ധപ്പെട്ട സമിതിക്ക് മുമ്പാകെ വന്നു. കാര്യങ്ങൾ ഇനി എളുപ്പമാണെന്ന് നേതാവ് എന്നോട് പറഞ്ഞു. ഏറെ സമരങ്ങൾക്കും മുദ്രാവാക്യങ്ങൾക്കും ശബ്ദമിട്ട എന്റെ ശബ്ദം ഏറെ മങ്ങിയതായിരുന്നു. യൂണിവേഴ്സിറ്റിയിൽ സമിതി ചർച്ചക്കെടുത്തപ്പോൾ നേതാവ് എന്റെ പ്രശ്നത്തിന്റെ സങ്കീർണ്ണത വിവരിച്ചു. പഠിക്കുവാനുള്ള കുട്ടികളുടെ ആഗ്രഹത്തെ തല്ലിക്കെടുത്തരുതെന്നും ഒരു വർഷം പഠനം കഴിഞ്ഞതിനാൽ പ്രത്യേക പരിഗണന നൽകി എന്നെ തുടർന്ന് പഠിക്കാൻ അനുവദിക്കണമെന്നതായിരുന്നു നേതാവ് സമിതിയിൽ പറഞ്ഞു വച്ചത്. ആരൊക്കെയൊ നേതാവിന്റെ അഭിപ്രായത്തെ ചോദ്യം ചെയ്യാൻ ശ്രമിക്കുന്നുണ്ടായിരുന്നു. നേതാവ് പറഞ്ഞിടത്തു തന്നെ ഭൂരിഭാഗം അംഗങ്ങളും മൗനമെടുത്തു നിലയുറപ്പിക്കുകയും നേതാവിന്റെ അഭിപ്രായത്തെ പിൻതാങ്ങുന്നതായി രേഖപ്പെടുത്തുകയും ചെയ്തു. സമിതിയിലെ അംഗ

ത്വം തന്നെ തങ്ങൾക്ക് നഷ്ടപ്പെട്ടേക്കാം എന്ന ഭീതി അവരിൽ തെളിഞ്ഞു കാണാമായിരുന്നു. ഒടുവിൽ പ്രത്യേക പരിഗണന എന്ന നിലയിലും ഒന്നാം വർഷ പഠനം കഴിഞ്ഞു എന്ന നിലയിലും തോറ്റ വിദ്യാർത്ഥിയായി അഡ്മിഷൻ കിട്ടിയ എനിക്ക് എൽ.എൽ.എംന്റെ പഠനം തുടരാമെന്ന് തീരുമാനമായി.

വൈകീട്ട് ബാറിൽ കൂടിയ സംഘത്തിൽ നേതാവിനൊപ്പം സമിതിയിലെ പല അംഗങ്ങളുമാണ്ടായിരുന്നു. നമ്മുടെ പാർട്ടിയുടെ ശക്തി സമാഹരിച്ച് അധികാരം കയ്യടക്കുന്നതിനെപ്പറ്റി നേതാവ് പറയുന്നത് ബഹളത്തിനിടയിൽ അവ്യക്തമായി അപ്പോഴും കേൾക്കാമായിരുന്നു.

## കാട്ടുമാക്കാൻ

**റോ**യിച്ചൻ ഒടുവിൽ ഒരു തീരുമാനത്തിലെത്തി. തനിക്ക് തെറ്റ് പറ്റിയിരിക്കുന്നു. ഇപ്പോഴത്തെ ജോലി ഉപേക്ഷിക്കാൻ തന്നെ അയാൾ തീരുമാനിച്ചു. താനൊരു കാട്ടുമനുഷ്യന്റെ കീഴിലാണ് ജോലി ചെയ്യേണ്ടി വന്നിരിക്കുന്നത്. ഒരാളുടെ പ്രവൃത്തിയും ചിന്തയുമാണല്ലോ അയാളുടെ സംസ്ക്കാരത്തെ സൂചിപ്പിക്കുന്നത്. താൻ ചെന്നു പെട്ടിരിക്കുന്നത് പുലിവാലിലാണെന്ന് റോയിച്ചന് മനസ്സിലായി. മെച്ചപ്പെട്ട പ്രവൃത്തികളും ചിന്തകളുമൊക്കെയുള്ള മറ്റൊരാളുടെ കീഴിൽ മറ്റൊരു ജോലി തരപ്പെടും വരെ ക്ഷമിച്ചു ഈ ജോലിയിൽ തുടരാൻ അടുത്ത സുഹൃത്തുക്കളും ബന്ധുക്കളും അയാളെ നിർബന്ധിച്ചു.

റോയിച്ചന്റെ സീനിയറായി പഠിച്ചിരുന്ന കിഷോർ അറബി നാട്ടിലെ പണി കളഞ്ഞാണ് നാട്ടിൽ തിരിച്ചെത്തിയത്. കിഷോർ പറഞ്ഞു: ഞാൻ ചെന്നു പെട്ടത് കാട്ടറബിയുടെ അടുക്കലാണ്. അയാൾ എന്നെക്കൊണ്ട് കൂടുതൽ സമയം പണിയെടുപ്പിക്കുകയും കുറഞ്ഞ വേതനം തരികയും വളരെ മോശമായി പെരുമാറുകയും ചെയ്യുന്നു.

കേരളത്തിൽ നിന്നും ഗൾഫിലേക്ക് പോരുമ്പോൾ ഏജന്റ് ശമ്പളത്തെപ്പറ്റി വലിയ പ്രതീക്ഷ നൽകിയിരുന്നു. ഇപ്പോഴാകട്ടെ ഏറ്റവും കുറഞ്ഞ കൂലിയും അതുതന്നെ മാസമെത്തുമ്പോൾ കിട്ടുകയുമില്ല.

ചെന്നപാടെ കാട്ടറബി പാസ്പോർട്ടും പേപ്പറുകളുമെല്ലാം വാങ്ങി വച്ചു -കിഷോർ ദു:ഖത്തോടെ കൂട്ടിച്ചേർത്തു.

കിഷോറിന് അറബിയെ ആശ്രയിക്കുകയെ തരമുണ്ടായിരുന്നുള്ളൂ. അയാൾക്ക് അങ്ങുമിങ്ങും യാത്ര ചെയ്യുന്നതിനൊ തന്റെ കൈവശമുള്ള അഡ്രസ്സ് പ്രകാരം മറ്റുള്ളവരെ കാണുന്നതിനൊ അറബി സമ്മതിച്ചതുമില്ല. കൂടുതൽ മെച്ചപ്പെട്ട ജോലിയിലേക്ക് എന്നെങ്കിലും മാറാൻ കഴിയുമെന്നു തന്നെയാണ് കിഷോർ കരുതിയിരുന്നത്. തന്റെ പ്രതീക്ഷകളെല്ലാം അസ്ഥാനത്താവുകയാണെന്ന് കിഷോർ അൽപ്പം ദുഖത്തോടെ തിരിച്ചറിഞ്ഞു.

റോയിച്ചൻ എഞ്ചിനീയറിംഗ് ബിരുദം പൂർത്തിയാക്കുന്നതിനു മുമ്പ് തന്നെ കിഷോർ എഞ്ചിനീയറിംഗ് ബിരുദം പൂർത്തിയാക്കിയിരുന്നു. എഞ്ചിനീയറിംഗ് ബിരുദമെടുത്ത് വിദേശ രാജ്യത്തെവിടെയെങ്കിലും ഒരു ജോലി തരപ്പെടുത്തുക എന്നത് കിഷോറിന്റെ ആഗ്രഹങ്ങളിലൊന്നായിരുന്നു. സുഹൃത്ത് ഗൾഫ് വിസയെപ്പറ്റി പറയുന്നത് അപ്പോഴാണ്. അങ്ങനെയാണ് ഏജന്റ് പറഞ്ഞ കാശും കൊടുത്ത് കിഷോർ ഗൾഫിലേക്ക് പുറപ്പെട്ടത്. ആ കിഷോറാണ് ഇപ്പോൾ വഞ്ചിതനായും കാട്ടറിബി

യുടെ കീഴിൽ പണിയെടുത്തും ഹതാശയനായും നാട്ടിൽ തിരിച്ചെത്തിയിരിക്കുന്നത്.

റോയിച്ചന് എന്ത് പറയണമെന്നറിയില്ലായിരുന്നു. എല്ലാ രാജ്യത്തും വിശാല ചിന്താഗതിയും പ്രവൃത്തികളുമുള്ള മനുഷ്യർ ഉണ്ടായിരിക്കുമെന്ന പോലെ മേന്മ കുറഞ്ഞ വ്യക്തികളും ഉണ്ടായിരിക്കും. പണ്ടൊക്കെ പുകയില നൽകിയും മദ്യം നൽകിയും ജനങ്ങളെ പ്രീണിപ്പിച്ച് വരുതിയിലാക്കി ഭരണം നടത്തിയിരുന്നവരും തൊഴിലുടമകളുമായി വിലസിയിരുന്നവരെപ്പറ്റിയൊക്കെ എവിടെയൊ വായിച്ചത് റോയിച്ചൻ മനസ്സിലോർത്തു. ആധുനിക സമൂഹത്തിലും ജാതി പറഞ്ഞും പുകയിലക്ക് പകരം മെച്ചപ്പെട്ട സാമഗ്രികളുമൊക്കെയായി എത്തുന്നു എന്നു മാത്രം.

കുട്ടിക്കാലത്ത് വീട്ടുകാരും കൂട്ടുകാരും പറഞ്ഞു തന്ന കാട്ടുജാതിക്കാരുടെ കാര്യങ്ങളൊക്കെ ഒരു കഥയായി മാത്രമെ അയാൾ കരുതിയിരുന്നുള്ളൂ. ഇന്നിപ്പോൾ അത്തരം കാട്ടുമനുഷ്യരെ കഥയായി മാത്രം അവഗണിക്കാൻ അയാൾക്ക് കഴിഞ്ഞില്ല.

റോയിച്ചൻ മുറ്റത്തേക്ക് തന്നെ നോക്കിയിരുന്നു. അപ്പോഴാണ് മുറ്റത്ത് നിൽക്കുന്ന ചെടികൾ അയാളുടെ ശ്രദ്ധയിൽ പെട്ടത്. റോയിച്ചൻ ചെടികളേയും മനുഷ്യരേയും താരതമ്യം ചെയ്യാനുള്ള ശ്രമത്തിലായിരുന്നു. തന്റെ മുറ്റത്ത് നിൽക്കുന്നത് കൂടാതെ എത്രതരം തുളസി ചെടികളാണ് നാട്ടിലു

ള്ളത്. അവക്കോരോന്നിനും വിവിധങ്ങളായ ഗുണ ങ്ങളാണല്ലോ മനുഷ്യർ കൊടുത്തിരിക്കുന്നത്. അതുപോലെയായിരിക്കും മനുഷ്യരേയും പലവിധ മനുഷ്യരായി സൃഷ്ടിച്ചിരിക്കുന്നത്. അതുകൊണ്ടു കൂടിയാണല്ലോ കിഷോറിന് കാട്ടറബിയുടെ കീഴിൽ പണിയെടുക്കേണ്ടി വന്നതും അതുവഴി ധനന ഷ്ടവും മാനഹാനിയും സമയ നഷ്ടവുമൊക്കെയു ണ്ടായത്. കിഷോറിനു മാത്രമല്ല തനിക്കും കഷ്ടന ഷ്ടങ്ങളുണ്ടായിട്ടുണ്ടെന്ന് റോയിച്ചൻ മനസ്സി ലോർത്തു.

സുഹൃത്തായ കിഷോറിന് പറ്റിയ അക്കിടി തന്നെയാണ് തന്റെ കമ്പനി ഉടമയായ മനുഷ്യനും തന്നോടു കാണിച്ചിരിക്കുന്നത്. കാട്ടുമനുഷ്യർക്ക് വിളയാടുവാനായി ഒരു കമ്പനിയിലും ജോലി ചെയ്യുകയില്ലെന്ന് റോയിച്ചൻ തീരുമാനിച്ചു. അയാൾ ജോലി ഉപേക്ഷിക്കാൻ തന്നെ തീരുമാനി ച്ചു. തന്റെ ഭാവിക്കും ഉയർന്ന വ്യക്തിത്വത്തിനും ബന്ധങ്ങൾക്കും തന്റെ തീരാമാനത്തിൽ ഉറച്ചു നിൽക്കുന്നതാണ് നല്ലതെന്ന് അയാൾ തീരുമാനിച്ചു.

&&&

## കാൽച്ചുവട്ടിലെ റീത്ത്

**ജോ**ർജ്ജ്കുട്ടി വളരെ ആലോചനയിലായി രുന്നു. ഏറെ കാലത്തെ ജോലികൊണ്ട് സമ്പാദിച്ച തെല്ലാം ബാങ്കിലുണ്ട്. ഇപ്പോൾ പലിശ വല്ലാതെ കുറഞ്ഞിരിക്കുന്നു. പലിശയെ ആശ്രയിച്ചു കഴിയു ന്നവർക്ക് അതുകൊണ്ട് ജീവിച്ചു പോകാൻ കഴിയു കയില്ല. കൃഷിയെ ആശ്രയിച്ചു കഴിഞ്ഞ നാളുക ളൊക്കെ പഴമയായി മാറിയിരിക്കുന്നു. ഇനി പുതി യൊരു സംരഭത്തിനിറങ്ങാൻ തന്റെ പ്രായം അനുവ ദിക്കുന്നില്ലെന്ന് ജോർജ്ജ്കുട്ടിക്ക് തോന്നി. തന്നോ ടൊപ്പം പഠിച്ചിരുന്നവരും പരിചിതരായവരുമൊക്കെ സർക്കാർ ജോലിയെ ശരണം പ്രാപിച്ചപ്പോൾ ജോർജ്ജ്കുട്ടി അതിലുമെത്രയൊ കൂടുതൽ ശമ്പള ത്തോടെ ജോലി ചെയ്യുകയായിരുന്നു. കൂടുതൽ ഉത്തരവാദിത്വം ഉണ്ടായിരുന്നു എന്നതും രാജകീയ മായിരുന്നു എന്നതും നേരു തന്നെയായിരുന്നു.

ജോർജ്ജ്കുട്ടിയുടേത് ഉയർന്ന പഠനവും മിക വുമൊക്കെ തെളിയിച്ചുള്ള പ്രയാണമായിരുന്നു. മെച്ചപ്പെട്ട വിജയങ്ങൾക്കൊടുവിൽ ജോർജ്ജ്കു ട്ടിക്ക് ലഭിച്ച വൻകിട കോർപ്പറേറ്റ് സ്ഥാപനത്തിലെ ജോലി അയാളെ പഠനാർത്ഥികൾക്കിടയിൽ ഹീറോ

യുടെ പരിവേഷം നൽകി. സർക്കാർ സ്ഥാപനത്തിലെ മുന്തിയ പല നിയമനങ്ങളും ജാതിയുടെ പേരിൽ പങ്കുവച്ചും പിൻവാതിൽ നിയമനങ്ങളുമൊക്കെയായി മുന്നേറുമ്പോൾ തനിക്ക് അത്തരം വീതം വയ്പിന് കാത്തു നിൽക്കേണ്ടി വന്നില്ല എന്നതിൽ അയാൾ അഭിമാനം കൊണ്ടു. സുഹൃത്തുക്കൾ പലരും ഐ.എ.എസും ഐ.പി.എസും ഫോറിൻ സർവ്വീസുമൊക്കെ നേടിയുള്ള പ്രയാണത്തിലായിരുന്നുവെങ്കിലും ജോർജ്ജ്കുട്ടി തന്റെ കോർപ്പറേറ്റ് സ്ഥാപനത്തിലെ മേലധികാരി എന്ന നിലയിലെ നിപുണതയിൽ ആവേശം കൊണ്ടു.

സുഹൃത്തുക്കൾ ജോർജ്ജ്കുട്ടിയുടെ ശുപാർശക്കായി ശ്രമിക്കുമ്പോഴും കമ്പനിക്ക് ദോഷകരമല്ലാത്ത ശുപാർശകൾ ചെയ്യുന്നതിൽ അയാൾ വിമുഖത കാണിച്ചിരുന്നില്ല. ശുപാർശ നൽകി തങ്ങളുടെ സമുദായത്തെ ഉയർത്തിക്കൊണ്ടു വരേണ്ടത് ജോർജ്ജ്കുട്ടിയെ പോലുള്ളവരുടെ ഉത്തരവാദിത്വമാണ് എന്ന പല സമുദായ നേതാക്കളുടെ വാദഗതിയിലൊന്നും അയാൾ വഴങ്ങിയല്ല. അത്തരക്കാരെ വരുതിയിലാക്കാൻ അയാൾ വേണ്ടത്ര പണം നൽകുന്നതിൽ പിശുക്ക് കാണിച്ചതുമില്ല. തന്റെ സ്ഥാപനത്തിന്റെ കാര്യക്ഷമത നഷ്ടപ്പെടുത്തും വിധമുള്ള ഒത്തുതീർപ്പിനൊന്നും അയാൾ തയ്യാറായിരുന്നില്ല. രാജ്യത്തിന്റെ തകർച്ചക്ക് കാരണം അഴിമതിയും സംവരണവുമാണെന്ന വാദഗതി ഉന്നയിക്കുന്നവരുടെ കൂട്ടത്തിൽ അയാൾ ഉറച്ചു നിന്നു.

ജനാധിപത്യത്തിലെ വർണ്ണക്കൊഴുപ്പുകൾക്കിടയിൽ കോർപ്പറേറ്റ് സ്ഥാപനങ്ങളുടെ സ്വാധീനം അയാൾക്ക് ഭരണ നേതൃത്വങ്ങൾക്കിടയിൽ രാജാധികാരം നൽകി.

കമ്പനിയുടെ മുമ്പിൽ പിരിവിനായി ക്യൂ നിൽക്കുകയായിരുന്നുവല്ലോ പ്രമുഖരായ രാഷ്ട്രീയ നേതാക്കൾ. യുവജന സംഘടനകളെ മുന്നിൽ നിറുത്തി കമ്പനിക്ക് മുമ്പിൽ പ്രക്ഷോഭം നടത്തിയും തൊഴിലാളി സംഘടനകളുടെ ശക്തിയിൽ കമ്പനിയിൽ അരക്ഷിതാവസ്ഥ സൃഷ്ടിച്ചുമൊക്കെ രാഷ്ട്രീയ പാർട്ടികൾ ചോദിക്കുന്നത് വാങ്ങിയെടുത്തിട്ടുണ്ടെന്ന് ജോർജ്ജ്കുട്ടി മനസ്സിലോർത്തു.

കമ്പനിക്ക് മുമ്പിലെ യുവജന സംഘടനയുടെ പ്രക്ഷോഭവും തൊഴിലാളി സംഘടനകളെക്കൊണ്ട് കമ്പനിയിൽ അരക്ഷിതാവസ്ഥ സൃഷ്ടിച്ചുമൊക്കെ അഹിതമായത് രാഷ്ട്രീയ പാർട്ടികൾ നേടിയെടുത്തിട്ടുള്ളതാണ്. അപ്പോഴും നികുതിയിൽ ഇളവുകൾ നൽകിയും നികുതികൾ എഴുതി തള്ളിയുമൊക്കെ ഭരണാധികാരികളും രാഷ്ട്രീയ പാർട്ടികളും വേണ്ടുംവിധം സഹായിച്ചിട്ടുണ്ടെന്ന് ജോർജ്ജ്കുട്ടി നന്ദിയോടെ മനസ്സിലോർത്തു.

എത്രയൊ പ്രാവശ്യമാണ് നികുതി പിരിവ് എഴുതിത്തള്ളുന്നതിനു പുറമെ ബാക്കി വരുന്ന തുകകൾ അനിശ്ചിത കാലത്തേക്ക് നീട്ടിത്തന്നിരിക്കുന്നത്. ബാങ്കിലടക്കേണ്ട വൻ തുകകൾക്കൊന്നും മുട്ടില്ലാതെ ബാങ്കിന്റെ നല്ല കോർപ്പറേറ്റ് കസ്റ്റമറായി

മാറാനും കഴിഞ്ഞിട്ടുണ്ട്. പലപ്പോഴും മറ്റുപല കോർപ്പറേറ്റ് സ്ഥാപനങ്ങൾക്ക്പോലും ലഭ്യമാകാത്തത്ര വൻ തുകകൾ ലഭ്യമാക്കുന്നതിൽ രാഷട്രീയ നേതൃത്വങ്ങളും പിശുക്ക് കാണിച്ചിട്ടില്ലെന്ന് കൃതജ്ഞതയോടെ മാത്രമെ ഓർക്കുവാൻ കഴിയുകയുള്ളൂ. പല കോർപ്പറേറ്റ് വമ്പന്മാരും രാഷ്ട്രീയ നേതൃത്വങ്ങളുടെ ഒത്താശയിൽ ലഭിച്ച വൻ തുകകളുടെ ശേഖരവുമായി ബാങ്കുകളേയും അതിലെ ഇടപാടുകാരേയുമൊക്കെ നിരാശപ്പെടുത്തി സുരക്ഷിതമായ മറ്റു രാജ്യങ്ങളിലേക്ക് പോയപ്പോഴും താൻ അത്തരമൊരു വിലകുറഞ്ഞ തീരുമാനങ്ങളെടുത്തിട്ടില്ലെന്ന് ജോർജ്ജ് കുട്ടി മനസ്സിലോർത്തു.

പ്രായം തന്നെക്കൊണ്ട് കമ്പനിയിലെ പുതിയ സംരഭങ്ങൾ ഏറ്റെടുക്കാനാവാത്ത വിധം ആക്കിയിരിക്കുന്നു. എന്തിനും ഏതിനും വാല്ല്യക്കാരുടെ നിര തന്നെയുണ്ടായിരുന്നു. ഇന്നിപ്പോൾ വിളിപ്പുറത്ത് ആരും എത്താതായിരിക്കുന്നു. വിദേശത്തും സ്വദേശത്തുമായ മക്കളും ചെറുമക്കളേയുമൊക്കെ കാണാൻ പോലും കിട്ടാതായിരിക്കുന്നു. എന്തിനും ഏതിനും സഹായം ചെയ്ത് തന്നിരുന്ന രാഷ്ട്രീയ നേതൃത്വങ്ങളും ഇപ്പോൾ ഏറെക്കുറെ വലിഞ്ഞതായി ജോർജ്ജ്കുട്ടിക്ക് അനുഭവപ്പെട്ടു. രാഷ്ട്രീയ നേതൃത്വങ്ങൾ പിരിവിനായി വരുന്നത് കുറച്ചിട്ടില്ലെന്ന് ജോർജ്ജ്കുട്ടി തിരിച്ചറിഞ്ഞു. കോർപ്പറേറ്റ് മേധാവി എന്ന നിലയിൽ തനിക്ക് എഴുതി തള്ളാവുന്ന തുകയൊന്നും ഈ വിശ്രമകാലത്ത് പറ്റില്ലല്ലോ.

പ്രായത്തിന്റെ ആലസ്യം കൂടുന്നതിനു മുമ്പെ താമസമാക്കാൻ പറ്റിയ താമസ സ്ഥലത്തെപ്പറ്റി പറഞ്ഞത് ആത്മാർത്ഥതയുള്ള ഉപദേശങ്ങൾ തേടിയിരുന്ന സുഹൃത്താണ്. ജോർജ്ജ്കുട്ടിക്ക് പിന്നെ മുന്നുംപിന്നും നോക്കാനുണ്ടായിരുന്നില്ല. സുഹൃത്ത് വിശ്രമ ജീവിതം നയിക്കുന്ന സുഖവാസ സ്ഥലത്തേക്ക് തന്നെ ചേക്കേറാൻ ജോർജ്ജ്കുട്ടി തീരുമാനിച്ചത് അങ്ങനെയാണ്.

പ്രായമാവർക്ക് വിശ്രമ ജീവതം മുന്നോട്ടു കൊണ്ടുപോകുവാൻ കഴിയുന്നിടത്തേക്ക് താമസം മാറ്റുന്നു എന്നു കേട്ടതു മുതൽ മക്കൾക്ക് വലിയ എതിർപ്പായിരുന്നു. ആരേയും ആശ്രയിക്കാതെ വേലക്കാരൊത്തുള്ള തന്റെ വാർദ്ധക്യം ആനന്ദകരമാക്കി ജീവിച്ചു തീർക്കുക തന്നെ. മക്കളെ ആശ്രയിക്കാതിരുന്നത് നന്നായി. അവർക്കും കോർപ്പറേറ്റ് മേധാവിയുടെ മക്കൾ എന്ന നിലയിലുള്ള ആർഭാടങ്ങളും ഉത്തരവാദിത്വങ്ങളുമൊക്കെയായി സമൂഹത്തിൽ നിലയുറപ്പിക്കേണ്ടതുണ്ടല്ലൊ. തന്റെ തീരുമാനം ശരിയായിരുന്നു എന്നു ജോർജ്ജുകുട്ടിക്ക് തോന്നി.

മരണശേഷം പത്രങ്ങളിലും മാധ്യമങ്ങളിലുമൊക്കെ വരുന്ന വാർത്തകൾ താൻ കണ്ടിട്ടുള്ളതാണല്ലൊ. കോർപ്പറേറ്റ് മേധാവി, വ്യവസായ പ്രമുഖൻ, രാജ്യത്തിന്റെ അഭിമാനം കാത്തവൻ എന്നൊക്കെയായിരിക്കും വിശേഷണങ്ങൾ. എല്ലാത്തിനുമൊടുവിൽ സ്വത്തിനായുള്ള അവകാശികളുടെ

കിട്ടിയത് കുറഞ്ഞു പോയെന്ന പരാതിയും. മരിച്ചു കഴിഞ്ഞവർക്ക് മറ്റൊന്നും കാണേണ്ടി വരുന്നില്ലാ യെന്നത് ഒരു അനുഗ്രഹമായി ജോർജ്ജ്കുട്ടി വിചാ രിച്ചു. വിശ്രമ ജീവിതം സുഹൃത്തിനോടൊത്ത് താമ സമാക്കുകയാണെന്നു പറഞ്ഞപ്പോൾ അഭിപ്രായ വ്യ ത്യാസം രേഖപ്പെടുത്തിയ മക്കളേയും ബന്ധുക്കളേ യുമൊക്കെ കാണാൻ പറ്റാതായിരിക്കുന്നു. രാഷ്ട്രീ യക്കാർ എന്നും അവസരത്തിനൊത്ത് മാത്രമെ തന്നെ സമീപിച്ചിട്ടുള്ളൂ എന്ന് ജോർജ്ജ്കുട്ടിക്ക് അറിയാവുന്നതാണ്.

അയാൾ തന്റെ വിശ്രമ ജീവിത കാലത്തും സ്ഥാപനത്തിലെ സംഭവങ്ങൾ ശ്രദ്ധയോടെ വീക്ഷി ക്കുന്നതിൽ ശ്രദ്ധാലുവായിരുന്നു. ആയിടക്കാണ് തന്റെ സ്ഥാപനത്തിനു മുമ്പിൽ സമര കോലാഹലം നടക്കുന്നതായി അറിഞ്ഞത്. സമുദായ നേതാക്ക ളുടെ നേതൃത്വത്തിലാണ് ജോലിക്കായി സമരം നട ത്തുന്നത് എന്നയാൾ മനസ്സിലാക്കി. പതിവിൽ കവിഞ്ഞ മനസ്സുരുക്കം അയാൾക്കനുഭവപ്പെട്ടു. സമുദായക്കണക്ക് നോക്കി വേണം നിയമനങ്ങൾ എന്നതായിരുന്നു സമരക്കാരുടെ ആവശ്യം. തന്റെ പ്രയത്നഫലമായി വളർത്തിയെടുത്ത സ്ഥാപന ത്തിന് മരണമണി മുഴങ്ങുന്നതായി അയാൾക്ക് തോന്നി.

അയാൾ കട്ടിലിൽ നീണ്ടു നിവർന്നു കിടന്നു. രാഷ്ട്രീയക്കാർക്കും പൗരപ്രമുഖന്മാർക്കും സ്ഥാപ നത്തിനു മുമ്പിൽ സമരം നടത്തിയ സമുദായ

നേതാക്കൾക്കുമൊപ്പം മാധ്യമങ്ങളും ഓടിക്കൂടി. മരണാനന്തരമുള്ള റീത്തുകൾ വക്കുന്നതും ക്യാമറ കൾ മിന്നിമറയുന്നതും മക്കളും പേരക്കുട്ടികളും അയാളുടെ അടുക്കൽ നിൽക്കുന്നതുമൊന്നും അയാൾക്ക് അറിയാൻ കഴിയുന്നുണ്ടായിരുന്നില്ല.

000

## പോലീസുകാർക്കിടയിലെ കള്ളൻ

നന്ദനൻ എന്റെ പോക്കറ്റിൽ നിന്നും മൊബൈൽ എടുത്തത് എപ്പോഴാണെന്ന് എനിക്കറിയില്ല. അയാൾ എന്നോടു സംസാരിക്കുകയും വിശേഷങ്ങൾ ചോദിക്കുകയും ചെയ്തു കൊണ്ടിരുന്നു. എപ്പോഴാണെന്നറിയില്ല, ആ സംഭാഷണങ്ങൾക്കിടയിൽ അയാൾ എന്റെ മൊബൈൽ തരപ്പെടുത്തുകയായിരുന്നു.

നന്ദനനെ പരിചയപ്പെടുന്നത് എന്റെ സുഹൃത്ത് വഴിയാണ്. അയാൾ ഒരു പോലീസുകാരന്റെ മകനാണ് എന്ന് പറഞ്ഞാണ് എന്നെ പരിചയപ്പെടുത്തിയത്. അയാളിൽ എടുത്ത് പറയാവുന്ന പ്രത്യേകതയൊന്നും എനിക്ക് അപ്പോൾ തോന്നിയിരുന്നില്ല. അതുകൊണ്ടുതന്നെ സുഹൃത്ത് പരിചയപ്പെടുത്തിയ നന്ദനൻ ഏതു തരക്കാരനാണെന്ന് എനിക്കറിയില്ലായിരുന്നു. അയാൾ പിന്നീട് എപ്പോഴൊ അച്ഛനെപ്പറ്റി പറഞ്ഞു. അച്ഛനോടൊത്ത് ക്വാർട്ടേഴ്സിൽ താമസമാക്കുന്നതിനെപ്പറ്റി പറഞ്ഞു. അവിടെ ധാരാളം കൂട്ടുകാരുണ്ടായിരുന്നതിനെപ്പറ്റി പറഞ്ഞു. കളിയും ചിരിയുമായി നടന്ന ആ നാളുകളിലെ ചങ്ങാത്തം തന്നെ കള്ളനും ദുർനടപ്പുകാരനു

മാക്കിയെന്നും പറഞ്ഞു. മിക്കവാറും ദിവസങ്ങളിൽ കൂട്ടുകാർ തമ്മിൽ തമ്മിൽ പുതിയ പുതിയ കഥകൾ കൈമാറുന്നത് പതിവാക്കി. എല്ലാം തന്നെ അവരുടെ അച്ഛന്മാർ വീട്ടിൽ വന്നു പറഞ്ഞിരുന്ന കഥകളാണ്. കഥകളിൽ കൂടുതലും കള്ളന്മാരുടെ വീരപരിവേഷമുള്ള കഥകളായിരുന്നു.

കള്ളന്മാരുടെ കൈമടക്കിനെപ്പറ്റി പറയുമ്പോൾ നന്ദനന്റെ അച്ഛന് നൂറു നാവായിരുന്നു. നന്ദനന്റെ അച്ഛൻ പറഞ്ഞു: ഓരോ കള്ളന്മാർക്കും അവരുടേതായ ശൈലികളുണ്ട്. ചില കള്ളന്മാർ പോക്കറ്റിൽ നിന്ന് പഴ്സ് എടുക്കുന്നത് മായാജാലക്കാരന്റെ വൈഭവത്തെ പോലും വെല്ലുംവിധമാണ്.

അങ്ങനെയങ്ങനെ കഥകൾ കേട്ട് കേട്ട് നന്ദനന് കള്ളന്മാരോട് ഒരുതരം ആരാധന തോന്നി. ആരാധന വീരാരാധനയാകാൻ അധികം സമയം വേണ്ടി വന്നില്ല. പലവിധ കാരണങ്ങളാൽ വ്യത്യസ്ഥമായ സ്വഭാവഗുണമുള്ളവരാണ് കള്ളന്മാരെങ്കിലും അവരിൽ നന്മയുടെ അംശമുള്ളവരും ഉണ്ടെന്ന് അച്ഛന്റെ വാക്കുകളിൽ നിന്ന് നന്ദനൻ മനസിലാക്കി. വിവിധങ്ങളായ ആളുകൾ വിവിധങ്ങളായ മാനദണ്ഡങ്ങളുമായി ജോലിയിൽ പ്രവേശിച്ചവർ. ഒരുവേള നന്ദനന്റെ അച്ഛനും ക്വാർട്ടേഴ്സിൽ താമസമാക്കണൊ എന്ന് രണ്ടുവട്ടം ചിന്തിച്ചിരുന്നതാണ്. പല പോലീസുകാരും കള്ളന്മാരെ തങ്ങളുടെ ഇംഗിതത്തിനുപയോഗിക്കുന്നുണ്ടെന്ന് അങ്ങനെയാണ് നന്ദനന് മനസിലായത്.

ദിവസങ്ങൾ കഴിയുന്തോറും കള്ളന്മാരുടെ കഥകൾ കേട്ട് നന്ദനന് ചില ചെപ്പടി വിദ്യകൾ സ്വായത്തമാക്കണമെന്ന് ഉള്ളിൽ ആഗ്രഹമുദിച്ചു. അച്ഛന്റെ മാറിൽ തലവച്ചു കിടക്കുമ്പോഴും കൊച്ചു നന്ദനൻ കള്ളന്മാരെപ്പറ്റി കൂടുതൽ കൂടതൽ അറിയുവാനും സ്വപ്നം കാണാനും തുടങ്ങി. പോക്കററടിയിലെ മാന്ത്രികവിദ്യ സ്വായത്തമാക്കാൻ തന്നെ അയാൾ തീരുമാനിച്ചു.

ഒരു ദിവസം അച്ഛൻ വന്നപ്പോൾ കുട്ടിനന്ദനൻ അച്ഛനറിയാതെ അച്ഛന്റെ പോക്കറ്റിൽ നിന്നും പഴ്സ് എടുക്കാൻ ശ്രമം നടത്തി. എന്തൊ തമാശയായെ നന്ദനന്റെ അച്ഛന് തോന്നിയുള്ളൂ. അയാൾ പണിപ്പെട്ടു പഴ്സ് കൈക്കലാക്കാൻ ശ്രമിക്കുന്ന നന്ദനന് പഴ്സ് എടുത്തു കൊടുത്തു. നന്ദനന് തന്റെ പരിശ്രമം പരാജയപ്പെട്ടതിൽ കുണ്ഠിതം തോന്നാതിരുന്നില്ല. എന്നെങ്കിലും തന്റെ പരിശ്രമം വിജയത്തിലെത്തുമെന്നു തന്നെ മനസ്സിൽ തീരുമാനിച്ചുറപ്പിച്ചു.

അന്ന് കൂട്ടുകാരൊത്ത് ഒത്തു കൂടുമ്പോൾ നന്ദനൻ തന്റെ പഴ്സ് അടിച്ചു മാറ്റാനുള്ള ശ്രമം പാളിയത് വിശേഷങ്ങൾക്കിടയിൽ കൈമാറി. അവർ അവനെ വല്ലാതെ കളിയാക്കി. കൂട്ടത്തിൽ പ്രായം തോന്നിക്കുന്ന കൂട്ടുകാരൻ പറഞ്ഞു. ഞാനാണെങ്കിൽ ആരും അറിയാതെ പഴ്സ് മാറ്റാനുള്ള തന്ത്രമൊക്കെ പഠിച്ചിട്ടുണ്ട്. അയാൾ ഏതൊ കള്ളന്റെ പേര് പറയുകയും ആ കള്ളന്റെ കളവി

ലുള്ള വൈഭവത്തെപ്പറ്റി പറയുകയും ചെയ്തു. അങ്ങനെയങ്ങനെയാണ് കള്ളന്മാരുടെ വീരകഥക ളിൽ നന്ദനൻ ആകൃഷ്ഠനാകുന്നത്.

നന്ദനനും കൂട്ടുകാരും ക്വാർട്ടേഴ്സ് വിട്ട് ഫുഡ്ബോൾ കളിക്കാനായി പുറത്തുള്ള ഗ്രൗണ്ടിലേ ക്ക് എത്തിയതാണ്. ഫുഡ്ബോൾ കളി തുടങ്ങിയി ട്ടുണ്ടായിരുന്നില്ല. അയാൾ ടീമുകളുണ്ടാക്കുന്നത് ശ്രദ്ധിക്കുകയായിരുന്നു. രണ്ടു ടീമുകളായി തിരിഞ്ഞ് വാശിയോടെ കളിക്കുകയായിരുന്നു. അപ്രതീക്ഷിതമായി എതിർ ടീമിൽ നിന്നുള്ള ബ്ലോക്കിങ്ങിൽ നന്ദനന്റെ കൂട്ടുകാരൻ വീണതായി രുന്നു തുടക്കം. പിന്നെ ഒന്നും രണ്ടും പറഞ്ഞ് വാക്കുതർക്കമായി. ഇരുചേരികളായി തിരിഞ്ഞുള്ള തർക്കം കൈയ്യാങ്കളിയിൽ എത്തിയപ്പോഴും ആരും അവരെ രമ്യതപ്പെടുത്താനുണ്ടായിരുന്നില്ല. അതി നിടയിൽ തന്റെ പ്രിയ സുഹൃത്തിന്റെ മൊബൈൽ അടിച്ചു മാറ്റുന്നതിനുള്ള നന്ദനന്റെ ശ്രമം വിജയം കണ്ടു. തന്റെ ശ്രമം വിജയം കണ്ടതിൽ അയാൾ മനസ്സുകൊണ്ട് സന്തോഷിച്ചു.

വഴക്കിനിടയിൽ കളിക്കാരിലൊരാളുടെ ദേഹത്ത് നിന്നും രക്തം വാർന്നൊഴുകാൻ തുടങ്ങി. ആളുകൾ ഓടിക്കൂടി ഇരു ടീമുകാരേയും മാറ്റി നിറു ത്തി. അപ്പോഴേക്കും ചില കുട്ടികളുടെ അച്ഛനമ്മ മാരും എത്തിയിരുന്നു. പരുക്കേറ്റ് രക്തം വാർന്നൊ ഴുകുന്ന കുട്ടിയുടെ അച്ഛൻ അടിപിടി കേസാക്കാൻ തന്നെ തീരുമാനിച്ചു. അയാൾ മകനെ ആശുപത്രി

യിലെത്തിക്കാനുള്ള തയ്യാറെടുപ്പിലായിരുന്നു. ആരൊ ഒരാൾ പോലീസിലും വിവരമറിയിച്ചു. പോലീസുകാർ വന്ന് നന്ദനനെ ഉൾപ്പടെയുള്ളവരെ കൂട്ടിക്കൊണ്ടു പോയി. നന്ദനന് പോലീസ് സ്റ്റേഷ നിൽ കയറുമ്പോൾ അത്രക്ക് പരിഭ്രമമൊന്നുമുണ്ടാ യിരന്നില്ല. പെട്ടെന്നാണ് അയാൾ കൈക്കലാക്കിയ സ്നേഹിതന്റെ മൊബൈൽ ബെൽ ശബ്ദിക്കാൻ തുടങ്ങിയത്.

മൊബൈലിന്റെ ബല്ലടിക്കുന്ന ശബ്ദം കേട്ട തോടെ തന്റെ മൊബൈൽ അടിച്ചു മാറ്റാനുള്ള ശ്രമം പൊളിഞ്ഞതായി അയാൾ മനസ്സിലാക്കി. സ്നേഹിതൻ തന്റെ സ്റ്റേഷനിലുള്ള സ്വാത ന്ത്ര്യത്തിൽ നന്ദനൻ തന്റെ മൊബൈൽ കളവ് ചെയ്ത വിവരം വിളിച്ചു പറഞ്ഞു. തല്ലി തല കീറി യതിലുള്ള കേസ് ഒരുവിധം പറഞ്ഞു തീർപ്പാക്കാ നുള്ള ശ്രമത്തിലായിരുന്നു പോലീസുകാർ. കുറ്റ ക്കാർ തങ്ങളുടെ കുട്ടികളാണെന്ന ബോധം അവരെ കേസ് ഒത്തുതീർപ്പാക്കുന്നതിൽ കൂടുതൽ ജാഗ്രത കാണിച്ചു.

നന്ദനന്റെ മൊബൈൽ മോഷണം പോലീസു കാർ തമ്മിൽ തമ്മിൽ കൈമാറി. നന്ദനന്റെ അച്ഛനെ അറിയിക്കാനും തീരുമാനമായി. അച്ഛൻ വീട്ടിൽ എത്തുമ്പോൾ നന്ദനൻ അമ്മയുടെ മറവിൽ ഒളിച്ചി രിക്കാനുള്ള ശ്രമത്തിലായിരുന്നു. നന്ദനന്റെ അച്ഛൻ മകന്റെ മൊബൈൽ മോഷണത്തെപ്പറ്റി പറഞ്ഞപ്പോ ഴാണ് വീട്ടുകാർ അറിയുന്നത്. അപ്പോഴും

മൊബൈൽ മോഷണത്തിൽ തന്റെ പരിശ്രമം വിജയിച്ചതിലുള്ള വിജയഭാവമായിരുന്നു നന്ദനന്.

നന്ദനന്റെ അച്ഛന് പക്ഷെ കളവ് അത്ര സാഹസികതയായി തോന്നിയില്ല. അപ്പോഴും നന്ദനന്റെ അമ്മ കരച്ചിലിന്റെ വക്കത്തായിരുന്നു. നന്ദനന്റെ അച്ഛൻ കളവിന്റെ മോശമായ വശത്തെപ്പറ്റി പറഞ്ഞു കൊടുക്കാനുള്ള ശ്രമത്തിലായിരുന്നു. കൂടുതൽ ചോദിച്ചറിഞ്ഞതിൽ നിന്നും കൂടുതൽ പഴ്സും മൊബൈലുമൊക്കെ നന്ദനന്റെ ശേഖരത്തിലുണ്ടെന്നു വീട്ടുകാർക്ക് മനസ്സിലായി.

വാക്കുകൾ കൊണ്ട് മകനെ ബോധ്യപ്പെടുത്താനാവില്ലെന്നു നന്ദനന്റെ അച്ഛന് മനസ്സിലായി. അയാൾ മകന്റെ ഇത്തരം പ്രവൃത്തികളിൽ നിന്നും പിന്തിരിപ്പുക്കണമെങ്കിൽ എങ്ങനെയാണ് കഴിയുക എന്ന ചിന്തയിലായിരുന്നു. അങ്ങനെയാണ് മുതിർന്ന ഓഫീസർമാരുമായി നന്ദനന്റെ വഷയം ചർച്ച ചെയ്യപ്പെടുന്നതും ഇത്തരം വിഷയങ്ങൾ കൈകാര്യം ചെയ്യാൻ ശാസ്ത്രീയമായി പ്രാപ്തിയുള്ളവരെ കാണിക്കാനും തീരുമാനിക്കുന്നത്.

താനിത് ഇനി ആവർത്തിക്കയില്ലായെന്ന് നന്ദനൻ പറയുമ്പോഴും നന്ദനന്റെ അച്ഛനുമമ്മക്കും നിസഹായരായ ഒരുകൂട്ടം കന്യാസ്ത്രികൾ താമസിക്കുന്ന ഏതൊ മഠത്തിൽ കളവ് ചെയ്ത് ജീവിച്ച കള്ളന്മാരുടെ വീരകഥകൾ ടി.വി. ചാനലിൽ വിവരിക്കുന്നത് മുറിയാകെ മുഴങ്ങി കേൾക്കാമായിരുന്നു.

## വയ്യ, ഇനി ഒരു പരീക്ഷണം കൂടി

**ഞാ**ൻ പിരിയാൻ തന്നെ തീരുമാനിച്ചു. പല പ്രാവശ്യം ആലോചിച്ചിട്ടാണ് പിരിയാൻ തീരുമാനിച്ചത്. എന്നെ സംബന്ധിച്ച് പിരിയുക എന്നത് വളരെ പ്രയാസമുള്ള കാര്യമാണ്. ഏതൊരു വേർപിരിയലും സങ്കടകരമാണ്. പലപ്രാവശ്യം മനസ്സ് മന്ത്രിച്ചിട്ടും പിരിയുക എന്നത് അനിവാര്യമാണ് എന്ന് തോന്നിയിട്ടും വേണ്ട വേണ്ട എന്ന് മനസ്സിനെ പറഞ്ഞു പഠിപ്പിക്കാൻ ശ്രമിച്ചു കൊണ്ടിരുന്നു. ഇനിയിപ്പോൾ വയ്യാതായിരിക്കുന്നു. ആമുഖമെന്നോണം വളരെ പതുക്കെ മടിച്ചു മടിച്ചു ഞാൻ പറഞ്ഞു. എന്നോടു ക്ഷമിക്കണം. വീണ്ടുമൊരു വിവാഹമോചനം എനിക്ക് ആലോചിക്കാൻ കൂടി വയ്യ. എങ്കിലും വയ്യ നമുക്ക് പിരിയാം. അത് പറയുമ്പോൾ എന്റെ കണ്ണ് നിറഞ്ഞിരുന്നു.

എന്റെ കുട്ടിക്കാലം മുതലെ സംഗീതം അഭ്യസിച്ചിരുന്നു. വീട്ടിൽ എപ്പോഴും സംഗീതത്തിന്റെ താളവും മേളവും അലയടിച്ചിരുന്നു. എന്റെ സംഗീത വാസനയെ പ്രോത്സാഹിപ്പിക്കുന്നതിൽ അച്ഛനും അമ്മയും മത്സരിച്ചിരുന്നു. സ്റ്റേജിലെ എന്റെ പെർഫോമൻസ് കണ്ട് അച്ഛനേയും അമ്മ

യേയും അമ്പരപ്പിക്കുക എന്നതായിരുന്നു എന്റെ എക്കാലത്തേയും ആഹ്ലാദകരമായ കാര്യങ്ങളിലൊന്ന്. സ്ക്കൂൾ കാലഘട്ടത്തിൽ എനിക്ക് യോജിച്ച മത്സരാർത്ഥികൾ ഇല്ലായെന്ന് അദ്ധ്യാപകർ പറയുന്നതു കേട്ട് അച്ഛനുമമ്മയും ആഹ്ലാദിക്കുന്നത് എന്നെ വല്ലാതെ സന്തോഷിപ്പിച്ചിരുന്നു.

കോളേജ് കാലഘട്ടങ്ങളിലും എനിക്ക് പറയത്തക്ക എതിരാളികളുണ്ടായിരുന്നില്ല. കലോൽസവങ്ങളിൽ ഞാൻ മത്സര രംഗത്ത് മുമ്പന്തിയിൽ തന്നെയായിരുന്നു. എന്നെ സംബന്ധിച്ച് സംഗീതംപോലെ പ്രധാനമായിരുന്നു പഠനവും. പഠനത്തിൽ ഒരിക്കലും പിന്നോക്കം പോകാൻ എന്നെ മാതാപിതാക്കൾ അനുവദിച്ചിരുന്നില്ല. പക്ഷെ കൂടുതൽ പ്രാഗത്ഭ്യം നേടേണ്ടത് ഏത് എന്ന ചോദ്യം എന്റെ മുമ്പിൽ വന്നപ്പോൾ എനിക്ക് മറ്റൊന്നും ആലോചിക്കാനുണ്ടായിരുന്നില്ല. അത് സംഗീതമായിരുന്നു. സംഗീതം എന്റെ മനസിനേയും ആത്മാവിനേയും അത്രമേൽ സ്വാധീനിച്ചിരുന്നു.

സംഗീത കോളേജിലെ എന്റെ ഉയർന്നതും തിളക്കമാർന്നതുമായ വിജയത്തിന് എനിക്ക് ലഭിച്ചത് അവിടെതന്നെയുള്ള ജോലിയായിരുന്നു. ആദ്യ റാങ്ക് ലിസ്റ്റിൽ എന്റെ പേര് ഒന്നാം റാങ്കിൽ തന്നെയായിരുന്നു. പക്ഷെ ജാതിയുടെ പേരിൽ വീതം വച്ചപ്പോൾ എന്റെ സ്ഥാനം രണ്ടാമത്തേതായി മാറിയതിനാൽ എനിക്കാ ജോലി ലഭിച്ചില്ല.

പ്രായം കുറവല്ലേയെന്നും ഇനിയും സാധ്യതകൾ തുറന്നു കിടക്കുകയാണെന്നുമൊക്കെ മറ്റുള്ളവർ പറഞ്ഞപ്പോൾ എനിക്ക് മറുത്തൊന്നും പറയാനുണ്ടായിരുന്നില്ല. എന്തിനാണ് എന്നെ മത്സര പരീക്ഷക്ക് വിളിച്ചതെന്ന ചോദ്യം ബാക്കിയായി അവശേഷിച്ചിരുന്നു. എന്റെ ആദ്യ തോൽവി എന്റെ മനസിനെ വല്ലാതെ പരുക്കേൽപ്പിച്ചിരുന്നു.

കൂടുതൽ ഗവേഷണം സംഗീത മേഖലയിൽ നടത്തേണ്ടതുണ്ടെന്ന എന്റെ തീരുമാനത്തിനോട് മാതാപിതാക്കൾ യോജിച്ചപ്പോൾ എനിക്ക് വല്ലാത്ത സന്തോഷം തോന്നി. കൂടുതൽ കൂടുതൽ പഠിക്കുന്നതിനായി സംഗീതം ഗവേഷണ വിഷയമായി തിരഞ്ഞെടുക്കുകയായിരുന്നു.

അങ്ങനെയിരിക്കെ ഒരു സംഗീത സദസ്സിൽ വച്ചാണ് ഞാൻ പ്രസാദിനെ കാണുന്നത്. എന്റെ സംസാര വിഷയം പലപ്പോഴും സംഗീതത്തെപ്പറ്റിയായിരിക്കും. സംഗീതത്തെപ്പറ്റി പറയുന്നതെല്ലാം തലകുലുക്കി സമ്മതിക്കും. എന്തൊ വശ്യമായ ഒരാകർഷണം പ്രസാദിലുണ്ടായിരുന്നു. ഞാൻ കൂടുതൽ കൂടുതൽ വാശിയോടെ പ്രസാദിലേക്കടുക്കുകയായിരുന്നു.

പ്രസാദിന്റെ വീട്ടുകാരാണ് ഞാനുമായുള്ള വിവാഹകാര്യം മുന്നോട്ടു വച്ചത്. പ്രസാദിന്റെ മാതാപിതാക്കൾ ഇക്കാര്യം എന്റെ മാതാപിതാക്കളോട് സംസാരിക്കുമ്പോൾ ഞാൻ എല്ലാം മറഞ്ഞിരുന്നു കേൾക്കുന്നുണ്ടായിരുന്നു. പ്രസാദിന്റെ

എണ്ണമറ്റ ബിസിനസ്സ് സാമ്രാജ്യമായിരിക്കുമൊ എന്റെ മാതാപിതാക്കളെ ആകർഷിച്ചിരിക്കുക. അവർ ഇടക്കിടെ ബന്ധുക്കളോടും സുഹൃത്തുക്ക ളോടും അക്കാര്യം പറയുമായിരുന്നുവല്ലൊ.

മാതാപിതാക്കൾ പ്രസാദുമായുള്ള എന്റെ വിവാഹക്കാര്യത്തെപ്പറ്റി പറയുമ്പോൾ എന്തു കൊണ്ടോ എന്റെ മനസ്സ് നാണം കൊണ്ടു വീർപ്പുമു ട്ടുന്നുണ്ടായിരുന്നു. എന്റെ മനസ്സിന്റെ താളലയങ്ങ ളിലെവിടെയൊ പ്രസാദ് സംഗീതം തന്നെയായി മാറുകയായിരുന്നു. എന്റെ മനസ്സ് പ്രസാദിനോട് മന്ത്രിക്കുകയായിരുന്നു. പ്രസാദ് നീ എനിക്ക് പ്രീയ പ്പെട്ടവനാണ്. നിന്റെ പ്രണയിനിയാകാൻ ഞാൻ നിനക്കു മുമ്പേ തയ്യാറായിരുന്നു. എന്റെ സ്വപ്ന ങ്ങൾക്ക് നിറം വക്കുകയായിരുന്നു.

ഞങ്ങളുടെ വിവാഹം ലളിതമായിരുന്നില്ല. ഏറ്റവും മുന്തിയ ഹോട്ടലിൽ ഏറ്റവും ആഘോഷ പൂർവ്വമായിരുന്നു വിവാഹം. എല്ലാം പ്രസാദ് തന്നെ മുൻകൈ എടുത്ത് തീരുമാനിക്കുകയായിരുന്നു. എനിക്ക് പ്രസാദുമായി അടുത്തിരുന്നു സംസാരിക്കു വാൻ വല്ലാത്ത ആഗ്രഹമുണ്ടായിരുന്നു. പ്രസാദ് മദ്യത്തിന്റെ ലഹരിയിൽ എന്നെ വാരിപ്പുണരുവാ നുള്ള ശ്രമത്തിലായിരുന്നു. മദ്യത്തിന്റെ മണവും പ്രസാദിന്റെ കൂട്ടുകാരുടെ ആടിയുലഞ്ഞുള്ള സംസാരവും എനിക്ക് മനം മടുപ്പിക്കുന്നതായിരു ന്നു. പക്ഷെ ഞാൻ മടുപ്പൊന്നും പ്രകടിപ്പിക്കാതിരി

ക്കാൻ ഏറെ പണിപ്പെട്ടു. എന്റെ ശ്രമങ്ങൾ വിഫല മാവുകയാണൊ എന്ന സംശയം ബാക്കിയായി.

എന്റെ സംഗീതം കേൾക്കണമെന്ന പ്രസാദിന്റെ ആവശ്യം എനിക്ക് നിരാകരിക്കാൻ കഴിഞ്ഞില്ല. എന്റെ സംഗീതമേള ഉച്ചസ്ഥായിയിലാവുകയും കൂടി നിന്നവർ സംഗീത ലഹരിയിൽ മുഴുകിയിരിക്കുകയും ചെയ്ത സമയമായിരുന്നു. പ്രസാദ് എന്നോട് നിറുത്തുവാൻ ആവശ്യപ്പെട്ടു. ഒരുപക്ഷെ എന്റെ ഉച്ചത്തിലുള്ള നാദലഹരിയിൽ പ്രസാദ് പറഞ്ഞത് എനിക്ക് വ്യക്തമല്ലായിരുന്നു. പെട്ടെന്നാണ് പ്രസാദിന്റെ ശബ്ദം അലർച്ചയായി മാറിയത്. അയാൾ മദ്യത്തിന്റെ ലഹരിയിൽ പറഞ്ഞു: നിറുത്താൻ പറഞ്ഞാൽ നിറുത്തിക്കോളണം.

ഞങ്ങളുടെ ജീവിതയാത്ര ആരംഭിക്കുകയായിരുന്നു. പ്രസാദ് ബിസിനസ്സ് ആവശ്യങ്ങൾക്കായി വിദേശത്തു പോകുമ്പോഴെല്ലാം അവിടേയും മദ്യത്തിന്റെ ലഹരി നുണയുന്ന കൂട്ടുകാർ പ്രസാദിനുണ്ടായിരുന്നു. അയാൾ മദ്യത്തിന്റെ ലഹരിയിൽ പാടാൻ ആവശ്യപ്പെടുകയും സദസ്സ് സംഗീതത്തിന്റെ ആനന്ദലഹരിയിൽ മുഴുകുമ്പോൾ നിറുത്താൻ ആവശ്യപ്പെടുകയും ചെയ്യും. എനിക്ക് ഇത്തരം പെരുമാറ്റങ്ങളൊന്നും പിടിക്കുന്നുണ്ടായിരുന്നില്ല. എന്നും എനിക്ക് താങ്ങായി നിന്നിരുന്ന മാതാപിതാക്കളുടെ രൂപം എന്റെ മുമ്പിൽ നിറഞ്ഞു നിൽക്കുമ്പോൾ എങ്ങനെയാണ് ഞാൻ പ്രസാദിനോട് മറുത്തു പറയുക.

നാട്ടിലായാലും വിദേശത്തായാലും എന്റെ ദിവസങ്ങൾ വിരസമായി തോന്നാൻ തുടങ്ങി. സംഗീത ആലാപനത്തിനു വേണ്ടി ഞാൻ ഉഴിഞ്ഞു വച്ചിരുന്ന സമയങ്ങൾ എന്റെ താൽപ്പര്യങ്ങൾക്ക് വിരുദ്ധമായി നീക്കി വക്കേണ്ടി വന്നു. ഒരിക്കലും സംഗീതത്തെപ്പറ്റി സംസാരിക്കുരുതെന്ന പ്രസാദിന്റെ നിബന്ധന കൂടി കേട്ടപ്പോൾ ഞാൻ മരവിച്ചിരുന്നു പോയി. എന്റെ കാര്യങ്ങളിൽ പ്രസാദിന് താത്പര്യ മില്ലെന്ന് ഞാൻ പറഞ്ഞതും മടിച്ചു മടിച്ചായിരുന്നു.

പ്രസാദിന്റെ മറുപടി എനിക്ക് സഹിക്കാനാവു ന്നതായിരുന്നില്ല. എന്തിനെപ്പറ്റിയും തള്ളിപ്പറയു ന്നത് ഞാൻ സഹിക്കും. പക്ഷെ സംഗീതത്തെ കുറ്റ പ്പെടുത്തി സംസാരിക്കുന്നത് എനിക്ക് സഹിക്കാനാ വുന്നതല്ല. ഞാൻ കരഞ്ഞു കൊണ്ടാണ് ഓടിപ്പോയ ത്. മുറിയടച്ചിരുന്ന് കരഞ്ഞുകൊണ്ടിരുന്നു. എന്റെ കരച്ചിൽ മുറിക്കകത്തു തന്നെ ഒതുങ്ങി. എന്റെ ഏന്തലിന് അൽപ്പം ആശ്വാസമേകാൻ ആരുമുണ്ടാ യിരുന്നില്ല. ഞാൻ പ്രസാദിനോട് വീട്ടിൽ പോകുന്നു എന്നു പറഞ്ഞാണ് ഇറങ്ങിയത്.

പ്രസാദ് മറുപടിയായി ഡ്രൈവറെ വിളിച്ച് നിർദ്ദേശം കൊടുത്തു. ഞാൻ എന്റേതെന്ന് പറയു വാനുള്ള ഡ്രസ്സുകളും മറ്റു സാധനങ്ങളും മാത്രം എടുക്കുവാൻ പ്രത്യേകം ശ്രദ്ധിച്ചിരുന്നു. ഡ്രൈവർ വന്ന് എപ്പോഴാണ് പോകേണ്ടതെന്നു ചോദി ക്കുമ്പോഴും മറുപടി ഒന്നും പറഞ്ഞില്ല. ബാഗുമെ ടുത്ത് ഞാൻ നടന്നു.

വീടെത്തിയതും ഞാൻ വല്ലാതെ വിതുമ്പാൻ തുടങ്ങി. എന്റെ വിതുമ്പൽ എന്റെ മാതാപിതാക്ക ളിൽ അമ്പരപ്പുളവാക്കി. അവർ എന്നോടു പ്രത്യേ കിച്ചൊന്നും ചോദിച്ചില്ല. എനിക്ക് മടുത്തു, എന്നെ നിർബന്ധിക്കരുത് എന്നത് ഞാൻ ഒരുവിധം പറ ഞ്ഞൊപ്പിക്കുകയായിരുന്നു. പ്രസാദിന്റെ ഫോൺ വിളി ഏറെ വൈകിയാണെങ്കിലും ഉണ്ടാകുമെന്നു പ്രതീക്ഷിച്ചിരുന്നു. പക്ഷെ അതുണ്ടായില്ല. പകരം ഡ്രൈവറാണ് വിളിച്ചത്. എപ്പോഴാണ് വണ്ടിയു മായി വരേണ്ടത് എന്നതായിരുന്നു അയാൾക്ക് അറിയേണ്ടിയിരുന്നത്. എനിക്ക് എന്തു മറുപടി പറ യണമെന്ന് ഏറെ ആലോചിക്കാനുണ്ടായിരുന്നില്ല. ഞാൻ തീർത്തു പറഞ്ഞു. ഞാനിനി അങ്ങോട്ടേക്കി ല്ല. പിന്നീട് പ്രസാദൊ, പ്രസാദിന്റെ വീട്ടുകാരൊ ഇതിനെപ്പറ്റി തിരക്കിയില്ല. എന്റെ മാതാപിതാക്കൾ എന്റെ തീരുമാനത്തോടൊപ്പം നിന്ന് അതിനെപ്പറ്റി സംസാരിച്ചിരിക്കണം

എന്റെ സംഗീത പരിപാടികൾ പഴയപോലെ യാക്കുവാൻ ഞാൻ ശ്രമിച്ചുകൊണ്ടിരുന്നു. സംഗീത പരിശീലനവും പരിപാടികളുമൊക്കെയായി ഞാൻ പഴയപോലെ മുഴുകി. എന്നാൽ എവിടെച്ചെ ന്നാലും പ്രസാദിനെപ്പറ്റിയുള്ള ചോദ്യങ്ങൾ എന്നെ വേട്ടയാടിയിരുന്നു. ഒരു ദിവസം സംഗീത പരിപാടി കഴിഞ്ഞ് വീട്ടിൽ തിരിച്ചെത്തിയത് രാത്രി വൈകിയാ യിരുന്നു. വിവാഹ മോചനമാവശ്യപ്പെട്ട് പ്രസാദ് നോട്ടീസ് അയച്ചതു ലഭിച്ചതും അന്നേ ദിവസമായി രുന്നു.

ഞാൻ വല്ലാതെ പരിഭ്രമത്തിലായി. എന്തു ചെയ്യണമെന്ന് നിശ്ചയമില്ലായിരുന്നു. ഒരുവിധം കര ച്ചിലടക്കി ഞാൻ പ്രസാദിനെ വിളിച്ചു. ഫോണെടു ത്തത് പ്രസാദായിരുന്നു. വിവാഹ മോചനത്തി നുള്ള നോട്ടീസിനെപ്പറ്റി പറയാൻ ശ്രമിച്ചു. കാര്യ ങ്ങൾ മുഴുമിപ്പിച്ചതും ഇരുവരും ഒരുമിച്ച് വിവാഹ മോചനത്തിനുള്ള നടപടികൾ സ്വീകരിക്കാമെന്നു പറഞ്ഞതും പ്രസാദായിരുന്നു. എനിക്ക് തീരുമാന മെടുക്കാൻ കഴിയും മുമ്പെ പ്രസാദ് തീർത്തു പറഞ്ഞപ്പോൾ ഞാൻ സമ്മതം മൂളുകയായിരുന്നു.

എന്റെ സംഗീത തപസ്യ തുടർന്നു കൊണ്ടിരു ന്നു. പല അവസരങ്ങളിലും വീണ്ടുമൊരു വിവാഹ ത്തെപ്പറ്റി സംസാരമുണ്ടാവുക പതിവാണ്. എന്റെ തീരുമാനം ഉറച്ചതായിരുന്നു. എനിക്കിനി മറ്റൊരു വിവാഹമില്ലെന്നു തീർത്തു പറയും. എന്റെ വിവാഹം സംഗീതത്തോടാണ് എന്ന് മനസ്സിനെ പറഞ്ഞു പഠിപ്പിച്ചിരുന്നു. അങ്ങനെയിരിക്കെ ഒരു അവാർഡ് ദാനച്ചടങ്ങിലായിരുന്നു എനിക്ക് നേരെ വിവാഹത്തിന്റെ ചോദ്യമുയർന്നത്. സീരിയൽ-സി നിമ രംഗത്തെ കുലപതിയായി വളർന്നിരുന്ന കലേ ഷായിരുന്നു വരൻ. കൂട്ടുകാരോടൊത്ത് പാർട്ടി യുടെ അവസാന ഘട്ടത്തിലായിരുന്നു. എനിക്ക് പ്രത്യേകിച്ച് എന്തെങ്കിലും മറുപടി പറയാൻ കഴിയും മുമ്പേ ഇത് തള്ളിക്കളയരുതെന്ന് കൂടെയുള്ളവർ നിർബന്ധിച്ചു കൊണ്ടിരുന്നു.

വീട്ടിലെത്തിയിട്ടും കൂടെയുണ്ടായിരുന്നവർ എന്നോടു കലേഷുമായുള്ള വിവാഹത്തെപ്പറ്റി ചോദ്യങ്ങളുമായി ഫോണിൽ വിളിച്ചു കൊണ്ടേയിരുന്നു. അവർക്കും തങ്ങളുടെ കൂട്ടുകാരിയാണ് കലേഷിന്റെ ഭാര്യ എന്നു പറയുന്നതിലുള്ള സന്തോഷമായിരിക്കാം. എന്നെ സംബന്ധിച്ചാണെങ്കിൽ ഒരു കലാകാരനെ അതും പ്രശസ്തിയുടെ കൊടുമുടിയൽ നിൽക്കുന്ന ഒരാളെ തള്ളി പറയാനുള്ള കാഠിന്യം എന്റെ മനസ്സിന് എപ്പോഴെ നഷ്ടപ്പെട്ടിരുന്നു. പക്ഷെ എവിടെയൊ ഒരു തേങ്ങൽ അവശേഷിച്ചിരുന്നു. കലേഷ് അവതരിപ്പിക്കുന്ന കഥാപാത്രങ്ങൾക്ക് വൈവിധ്യങ്ങളില്ലെന്നും കോമാളിയുടെ സ്പർശം അയാളുടെ അഭിനയത്തിലുണ്ടെന്നും സംഗീതം പോലെ മനസ്സിനെ ഉലക്കുന്ന കഥാപാത്രങ്ങൾ അയാൾക്ക് ചെയ്യാൻ കഴിയില്ലായെന്നുമൊക്കെ പ്രിയ കൂട്ടുകാരി പറഞ്ഞപ്പോൾ മറ്റുള്ളവർ അവളെ വിലക്കി. തനിക്കും കലേഷിന്റെ കഥാപാത്രങ്ങൾ ഏതൊ പൈങ്കിളി കഥയിലെ കോമാളി കഥാപാത്രമായി തോന്നിയിട്ടുള്ളതാണല്ലൊ.

ഞങ്ങളുടെ സമുദായങ്ങൾ തമ്മിലുള്ള വൈവിധ്യം ഞങ്ങളുടെ സംസാരത്തിൽ വന്നിരുന്നില്ല. എനിക്ക് കലേഷിനെ വേണ്ടായെന്നു തീരുമാനിക്കാൻ അനവധി കാരണങ്ങൾ ഉണ്ടായിരുന്നു. ഞങ്ങൾ തമ്മിലുള്ള നിലപാടുകൾ സംസാരിച്ചിടത്തോളം പൊരുത്തപ്പെടാവുന്നതല്ല. കലേഷ് കലയെ ഗൗരവത്തിൽ എടുക്കാത്തയാളല്ലെന്ന് മനസ്സിലാക്കിയിട്ടുള്ളതാണ്. തനിക്ക് കലയോടുള്ള

നിലപാടുകൾ കടുത്തതും കേൾവിക്കാരുടെ താൽപ ര്യങ്ങൾക്കനുസരിച്ച് മാറ്റാൻ പറ്റുന്നതുമായിരുന്നില്ല. ആളെ കൂട്ടുക എന്നതായിരുന്നില്ല എനിക്ക് കലയോ ടുള്ള സമീപനം. കലേഷാകട്ടെ ആളും തരവും നോക്കി കോമാളിയുടെ വേഷം കെട്ടുന്നയാളാണ്. തങ്ങൾ തമ്മിലുള്ള വൈരുദ്ധ്യങ്ങൾ ഏറുകയാണ്. ഒരിക്കൽ വിവാഹമോചനം നേടിയവൾ എന്ന പേരു വീണിടത്ത് വീണ്ടുമൊരു പരീക്ഷണം വേണ്ടാ യെന്നു വെക്കുകയായിരുന്നു. അതുതന്നെയായി രുന്നു എന്റെ തീരുമാനം. ഞങ്ങൾ തമ്മിലുള്ള വൈരുദ്ധ്യങ്ങൾ ഏറെയാണ്. ഇരുവരും കലയുടെ മേഖലയിലായിരിക്കാം. കലയുടെ കച്ചവടക്കാര നോട് തനിക്ക് സന്ധി ചെയ്യുവാനാകില്ല. കലേഷ് വിളിച്ചപ്പോൾ ഞാൻ തീർത്തു പറഞ്ഞു. വയ്യ, ഇനി യൊരു പരീക്ഷണം കൂടി.

000

## സർക്കാർ നിയമനങ്ങൾ

**ക**മ്പനി ഡയറക്ടറായി സർക്കാർ നിയമിക്കുമ്പോൾ അറിഞ്ഞിരുന്നില്ല ഈ നിയമനം എന്റെ ഭാഗ്യരേഖ തെളിയിക്കുമെന്ന്. കമ്പനിയിലെ ജോലിക്കാരുടെ നിയമനങ്ങൾ നേരിട്ടാണ് കമ്പനി നടത്തിയിരുന്നത്. കമ്പനിയുടെ സ്വയംഭരണാവകാശം നിലനിർത്താനുള്ള മാറിമാറിവരുന്ന സർക്കാരുകളുടെ ന്യായീകരണം, കമ്പനിയിലെ നിയമനങ്ങൾ പബ്ലിക് സർവ്വീസ് കമ്മീഷൻ പോലുള്ള ഏതെങ്കിലും സർക്കാർ ഏജൻസിക്ക് വിട്ടുകൊടുത്തിരുന്നില്ല. അതുകൊണ്ടു തന്നെ അവിടെ നിയമിക്കുന്ന ബോർഡ് അംഗങ്ങളും ഭരിക്കുന്ന പാർട്ടിയും അവരുടെ തൊഴിലാളി സംഘടനയുമൊക്കെയാണ് നിയമനങ്ങളിൽ ഇടപെട്ടു വരുന്നതും. മിക്കവാറും നിയമനങ്ങൾ അതാതു പാർട്ടികളുടെ താത്പര്യങ്ങൾക്കായി ഭരണപക്ഷത്തെ ഏതെങ്കിലും ബന്ധുവിനൊ അതുമല്ലെങ്കിൽ എത്രമാത്രം കോഴകൊടുക്കാൻ തയ്യാറാണൊ എന്നതിനെ ആശ്രയിച്ചുമാണ് നടക്കുക.

രാഷ്ട്രീയ പാർട്ടി പ്രവർത്തനവുമായി ഏറെ നാൾ അലഞ്ഞു നടന്നതാണ്. എന്റെ ജോലി കാല

യളവിലും രാഷ്ട്രീയ പാർട്ടി പ്രവർത്തനങ്ങൾക്ക് പുറമെ സംഘടനാ പ്രവർത്തനവുമായി ഏറെ നാൾ പ്രവർത്തിച്ചിരുന്നതാണ്. അപ്രതീക്ഷിതമായിട്ടല്ലെങ്കിലും റിട്ടയർമെന്റ് എത്തിയപ്പോൾ എന്നെ സംബന്ധിച്ച് പ്രയാസമുള്ള കാര്യമായിരുന്നു. എന്നും രാഷ്ട്രീയ പാർട്ടിയുടേയൊ അതുമല്ലെങ്കിൽ സംഘടന പ്രവർത്തനവുമായൊ നടക്കുകയായിരിക്കും. ഒന്നാം തീയതി ശമ്പളം കിട്ടാൻ വൈകിയാൽ മാത്രമെ ഞാൻ ജോലിക്കാരനാണെന്ന വിചാരം തന്നെ മനസ്സിലേക്ക് വന്നിരുന്നുള്ളൂ. എന്റെ സംഘടന നേതൃത്വത്തിൽ ആരും തന്നെ പരാതി പറഞ്ഞിരുന്നില്ല. അതുകൊണ്ടു തന്നെ ഞാൻ ചോദ്യം ചെയ്യാനാവാത്ത നേതൃത്വമായി മാറിയിരുന്നു.

അങ്ങനെയിരിക്കെയാണ് പ്രായം പെൻഷൺ പറ്റേണ്ട സമയമാണെന്ന് അറിയിക്കുന്നത്. അതുകൊണ്ടു തന്നെ ഞാൻ ആവശ്യമായ ക്രമീകരണം ചെയ്തിരുന്നു. എനിക്ക് ഒരു കമ്പനി ഡയറക്ടർ ബോർഡിൽ നിയമനം ലഭിച്ചപ്പോൾ ഞാനന്വേഷിച്ചത് അവിടത്തെ സംഘടനാ പ്രവർത്തനങ്ങളിൽ എനിക്ക് എന്തെങ്കിലും സാധ്യതകളുണ്ടോ എന്നായിരുന്നു. പിന്നീട് എനിക്ക് മനസ്സിലായത് കമ്പനയിലെ ജീവനക്കാരെ കമ്പനി നേരിട്ടാണ് നിയമിക്കുന്നതെന്നാണ്. സംഘടനാ പ്രവർത്തകനായിരുന്നതിനാലാവണം തൊഴിൽ നിയമനങ്ങളുൾപ്പടെ തൊഴിലാളികളെ സംബന്ധിക്കുന്ന കമ്മറ്റിയുടെ ചെയർമാനായി എന്നെതന്നെ നിയമിക്കണമെന്ന എന്റെ ആവശ്യം കമ്പനി ഡയറക്ടർമാർ അംഗീകരിച്ചത്.

ധാരാളം ഒഴിവുകൾ കമ്പനിയിൽ ഒഴിഞ്ഞു കിടക്കുകയാണെന്നും അവ കഴിവതും വേഗം നിക ത്തേണ്ടതുണ്ടെന്നും പറഞ്ഞത് കമ്പനിയിലെ സംഘ ടനാ നേതാക്കൾ തന്നെയാണ്. ശേഷം വന്ന ബോർഡ് അംഗങ്ങളുടെ യോഗത്തിൽ ഒഴിവുകൾ നികത്താൻ തീരുമാനവുമായി. കമ്പനി നഷ്ടത്തി ലാണെന്നും അതിനാൽ സ്ഥിരനിയമനം നടത്തുന്ന തിനു പകരം പുറംജോലിയെല്ലാം കരാറു കൊടു ക്കാമെന്ന നിർദ്ദേശത്തെ ബാക്കി ഞങ്ങളെല്ലാവരും എതിർത്തു. കമ്പനി നഷ്ടത്തിലാകുന്നതുകൊണ്ട് തൊഴിലാളി ദ്രോഹ നടപടികൾ സ്വീകരിക്കരുതെന്ന എന്റെ അഭ്യർത്ഥന എല്ലാവരും കയ്യടിച്ചു സ്വീകരി ച്ചു.

കമ്പനിയിൽ ആളെ എടുക്കുന്നു എന്നറി ഞ്ഞതു മുതൽ സംഘടനാ നേതാക്കൾക്കും വളരെ ആവേശമായി. ജോലിക്ക് കയറ്റാവുന്ന ആളുക ളുടെ എണ്ണവുമായി സംഘടനാ നേതാക്കൾ ബോർഡ് അംഗങ്ങളുമായി സംസാരിച്ചു. ബോർഡ് അംഗങ്ങൾ അതിനു മുമ്പു തന്നെ എത്രപേരെ ഓരോ ബോർഡ് അംഗങ്ങൾക്കും നിയമനം നടത്താം എന്നതിനെപ്പറ്റി ഏതാണ്ട് ഒരു സമവായ ത്തിലെത്തിയിരുന്നു.

അപ്പോഴാണ് പുതിയ ബഹളവുമായി പ്രതിപക്ഷ സംഘടനകൾ വരുന്നത്. നിയമനം നട ത്തുകയാണെങ്കിൽ പബ്ളിക് സർവിസ് കമ്മീഷനെ ഏൽപ്പിക്കണമെന്ന വാദവുമായി വരുന്നത്.

ബോർഡ് യോഗം കൂടി എന്നെയാണ് പ്രതിപക്ഷ സംഘടനയുമായി സംസാരിക്കാൻ ഏൽപ്പിച്ചത്. ഏറെക്കാലം സംഘടനാ പ്രവർത്തനവുമായി നടന്ന എനിക്ക് ഇതിന്റെ ഉള്ളുകള്ളികൾ ഊഹിക്കാവുന്ന തായിരുന്നതിനാൽ അവരുമായി ചർച്ചക്ക് തീരുമാന മായി. വളരെ എളുപ്പത്തിൽ വഴങ്ങി തരാൻ എതിർ സംഘടനാ നേതാക്കൾ തയ്യാറായില്ലെങ്കിലും ഭരണ കക്ഷി തൊഴിലാളി സംഘടനക്കനുവദിക്കുന്നതിന്റെ പകുതി നിയമനങ്ങൾ അനുവദിക്കാമെന്ന തീരുമാ നത്തിലായി.

നിമയനങ്ങളുടെ നടപടിക്രമങ്ങളുമായി മുന്നോട്ട് പോകുമ്പോഴാണ് അത്ര എളുപ്പത്തിൽ വീതിച്ചെടുക്കാൻ ആവുന്നതല്ല നിയമനങ്ങളുടെ എണ്ണം എന്നു എനിക്ക് മനസ്സിലായി. നിയമനം നട ക്കുന്നു എന്നു കേട്ടതു മുതൽ സംസ്ഥാന നേതാ ക്കളും കേന്ദ്ര നേതാക്കളുമൊക്കെ അവരുടെ വേണ്ട പ്പെട്ടവരുടെ ലിസ്റ്റുമായി എത്തിയിരുന്നു. ആരേയും മുഷിപ്പിക്കാൻ പറ്റാത്ത അവസ്ഥയിലായിരുന്നു ഞാൻ.

പുതിയ ഉദ്യോഗാർത്ഥികളുടെ തിരഞ്ഞെടുപ്പി നാവശ്യമായ ലിസ്റ്റ് തയ്യാറാക്കിയപ്പോൾ നാലും അഞ്ചും ഇരട്ടി നിയമനങ്ങൾ നടത്തിയാൽ പോലും വേണ്ടപ്പെട്ടവരെയെങ്കിലും സംതൃപ്തിപ്പെടുത്താൻ സാധിക്കില്ല എന്നു മനസ്സിലായി. അതുകൊണ്ട് തന്നെ കാര്യസാധ്യത്തിനായി വരുന്നവരോട് എത്ര തുക കൈമാറാൻ തയ്യാറാണെന്ന ചോദ്യമാണ്

പ്രധാനമായും അറിയാൻ ശ്രമിച്ചത്. അതിൽ തന്നെ തങ്ങളുടെ രാഷ്ട്രീയ പാർട്ടികളുടെ ആവശ്യക്കാർക്ക് മാത്രമായി പരിമിതപ്പെടുത്താനും തീരുമാനമായി. എത്ര തർക്കിച്ചിട്ടും കമ്മിറ്റിയുടെ ചെയർമാനായി സ്ഥാനം വഹിക്കുന്ന എനിക്ക് അത്യാവശ്യം കൊടുക്കാമെന്നേറ്റവർക്ക് പോലും നിയമനം നടത്താൻ പറ്റാത്ത അവസ്ഥയിലായി.

ഉദ്യോഗാർത്ഥികളോട് ചോദിക്കേണ്ട ചോദ്യങ്ങളെപ്പറ്റി അത്ര വിപുലമായ പഠനമൊന്നും നടത്തിയിരുന്നില്ല. മറ്റു പല പരീക്ഷാ പേപ്പർ പരിശോധിച്ചും ബോർഡിലെ അംഗങ്ങളുടെ പരിമിതമായ അറിവ് വച്ചുമൊക്കെ ഒരു വിധത്തിൽ പരീക്ഷ നടത്തി.

പലർക്കും നിയമനത്തെപ്പറ്റി ഉറപ്പു ലഭിക്കാതിരുന്നതിനാൽ പലവിധ സമ്മർദ്ദങ്ങളും പരാതികളുമുണ്ടായി. പരാതിയെ ആദ്യമാദ്യം കാര്യമായി എടുത്തിരുന്നില്ല. പിന്നീടെപ്പോഴൊ ബോർഡിലെ അംഗങ്ങളുടെ പരാതി കൂടി കൂടി വന്നു. അവർ രഹസ്യമായി യോഗം ചേർന്ന് ഉദ്യോഗാർത്ഥകളെ തിരഞ്ഞെടുക്കുന്ന കമ്മിറ്റിയുടെ ചെയർമാൻ എന്ന സ്ഥാനത്തുനിന്നും എന്നെ നീക്കം ചെയ്തു. ഞാൻ ആവുംവിധമൊക്കെ എതിർത്തു നോക്കിയെങ്കിലും പിടിച്ചു നിൽക്കാനാവാത്തവിധം അവർ വളരെ കടുപ്പത്തിലായിരുന്നു. പിന്നീട് ഓരോ ബോർഡ് അംഗത്തിനും നിയമിക്കാവുന്ന ഉദ്യോഗാർത്ഥിയുടെ എണ്ണം പറഞ്ഞപ്പോൾ എനിക്ക് സഹിക്കാവുന്നതാ

യിരുന്നില്ല. ഞാൻ തറപ്പിച്ചു ബഹളം വച്ചു പറ ഞ്ഞു. എന്നെ ചെയർമാൻ സ്ഥാനത്തുനിന്നും മാറ്റു കയും എനിക്കാവശ്യമായ നിയമനങ്ങൾ നടത്താന വസരം തരാതിരിക്കുകയും ചെയ്താൽ നിങ്ങൾക്കാർക്കും എളുപ്പത്തിൽ സ്വന്തക്കാരെ നിയ മിക്കാൻ കഴിയുമെന്നു വചാരിക്കേണ്ട എന്ന് ഞാൻ ഉറക്കെ വിളിച്ചു പറഞ്ഞു.

പുറത്തിറങ്ങിയ ഞാൻ നേരെ പോയി പ്രതി പക്ഷ സംഘനാ നേതാക്കളേയും പ്രതിപക്ഷ രാഷ്ട്രീയ നേതാക്കളേയും കണ്ടു കാര്യങ്ങൾ ബോധിപ്പിച്ചു. കുളം കലക്കി തങ്ങൾക്കെന്തെങ്കിലും തരപ്പെടുമോ എന്നറിയാൻ അവരും ആവതു പ്രക്ഷോഭങ്ങളുമായി എത്തി. ഒടുവിൽ നടത്തിയ പരീക്ഷയുടെ ഉത്തരങ്ങൾ കമ്പനി വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കാൻ തീരുമാനമായി. അപ്പോഴാണ് ചോദ്യങ്ങളിൽ പലതും കൃത്യമായ ഉത്തരമില്ലാത്ത ചോദ്യങ്ങളാണെന്ന അലസതയുടെ ബാക്കി പൊന്തി വന്നത്. തെറ്റായ ചോദ്യങ്ങൾക്കെല്ലാം മാർക്ക് നൽകുമെന്ന അറിയിപ്പുമുണ്ടായി.

നിയമനങ്ങളിൽ വളരെ താത്പര്യം പ്രകടിപ്പി ച്ചിരുന്ന രാഷ്ട്രീയ നേതാക്കൾ നടപടികൾ മാറി മറി ഞ്ഞതിനാൽ തങ്ങളുടെ രാഷ്ട്രീയ താത്പര്യമനുസ രിച്ച് ആളുകളെ കയറ്റാൻ ആവാത്തതിൽ നിരാശയി ലായിരുന്നു. അവർ പുതിയ വാദമുഖങ്ങളുമായി എത്തി. പുത്തൻ നൂറ്റാണ്ടിൽ നിയനങ്ങൾ തങ്ങളുടെ ഭരണത്തിൽ സ്വന്തക്കാരെ നിയമിക്കാൻ അനുവദി

ക്കില്ലെന്നും അതിനാൽ നിയമനങ്ങൾ റദ്ദു ചെയ്യുകയാണെന്നും പബ്ലിക് സർവ്വീസ് കമ്മീഷന് നിയമനങ്ങൾ കൈമാറുകയാണെന്ന തീരുമാനത്തിലുമായി. പരീക്ഷ എഴുതിയ ഉദ്യോഗാർത്ഥികൾ തങ്ങൾക്ക് അപേക്ഷയോടൊപ്പം നൽകിയ അപേക്ഷ ഫീ തിരിച്ചു നൽകണമെന്നും പരീക്ഷ നടത്തിയതിനാൽ ഇപ്രാവശ്യം ഈ പരീക്ഷയുടെ അടിസ്ഥാത്തിൽ തിരഞ്ഞെടുക്കണമെന്ന ആവശ്യവുമുന്നയിച്ചു.

നിരാശ മറച്ചു വച്ചു കൊണ്ട് നേതാക്കൾ തങ്ങളുടെ ജനങ്ങളോടുള്ള പ്രതിബന്ധത ഓർമ്മപ്പെടുത്തിക്കൊണ്ട് എന്തു വിലകൊടുത്തും നിയമനം പബ്ലിക് സർവ്വീസ് കമ്മീഷന് വിടുകയാണെന്ന് പ്രഖ്യാപിച്ചു.

000

## പ്രതീക്ഷ നഷ്ടപ്പെട്ടവൻ

**എ**ന്റെ ജന്മദേശത്തിനടുത്താണ് എനിക്ക് കൂടുതൽ പഠിക്കണമെന്ന് ആഗ്രഹം തോന്നിയ സ്ഥാപനം ഉണ്ടായിരുന്നത്. എന്റെ അയൽവാസിയും അവിടെ പഠിച്ചിരുന്ന ഒരു ചേട്ടനാണ് എന്നെ അവിടെയൊക്കെ പറഞ്ഞു കേൾപ്പിച്ചിരുന്നത്. അതുകൊണ്ട് തന്നെ എന്റെ ഡിഗ്രി പഠന കാലത്തു തന്നെ എനിക്ക് ഉന്നത പഠനം ഏതു വിഷയത്തിൽ എടുക്കണമെന്നും തീരുമാനിച്ചുറപ്പിച്ചിരുന്നു.

എന്റെ ഡിഗ്രിയുടെ റിസൽട്ട് അറിയുന്നതിനും മുമ്പു തന്നെ എന്നാണ് അഡ്മിഷൻ ആരംഭിക്കുകയെന്ന അന്വേഷണത്തിലായിരുന്നു ഞാൻ. അതു കൊണ്ടുന്നെ എനിക്ക് കൃത്യസമയത്ത് തന്നെ അപേക്ഷിക്കാനും കഴിഞ്ഞിരുന്നു. കോളേജ് പഠന കാലത്തുണ്ടായിരുന്ന എന്റെ സംഘടനാ പ്രവർത്തനം എന്റെ ഉന്നത വിദ്യാസ മേഖലയിലേക്ക് വ്യാപിപ്പിക്കുന്നതിൽ സന്തോഷമെ ഉണ്ടായിരുന്നുള്ളൂ. അതുകൊണ്ടു തന്നെ പ്രവേശനം ആകുന്നതിനു മുമ്പ് തന്നെ അവിടെയുള്ള സംഘടനാ പ്രവർത്തകരുമായി ബന്ധപ്പെട്ടിരുന്നു. അവരെല്ലാവരും എനിക്ക് അഡ്മിഷൻ കിട്ടുമെന്നതി

ലുള്ള ആത്മവിശ്വാസത്തിലായിരുന്നു. എന്റെ അഡ്മിഷൻ കാര്യങ്ങളെപ്പറ്റിയുള്ള അന്വേഷണ മെല്ലാം അവരോടൊത്തായിരുന്നു. അഡിമിഷനുള്ള അറിയിപ്പ് ലഭിച്ചതിനുശേഷം ഞാൻ എന്തെന്നി ല്ലാത്ത ആത്മവിശ്വാസത്തിലായിരുന്നു.

സംഘടനാ മേഖലയിലുള്ളവരുമായുള്ള എന്റെ ചങ്ങാത്തം എനിക്ക് അഡ്മിഷനൻ സമ യത്ത് നന്നായി ഉപകാരപ്പെട്ടു. എന്റെ മാർക്കുകൾ പരിശോധിക്കുകയൊ എന്റെ അപേക്ഷയിൽ പറ ഞ്ഞിരിക്കുന്ന പ്രകാരമാണൊ എന്റെ സർട്ടിഫിക്കറ്റു കൾ എന്നൊ അവർ അന്വേഷിച്ചതുമില്ല. വിദ്യാർത്ഥി സംഘം എന്നെ ആനയിച്ച് അവരുടെ താവളത്തി ലേക്ക് കൊണ്ടു പോയി. അന്നത്തെ അവരുടെ ചിലവ് വഹിക്കേണ്ടി വന്നത് എനിക്ക് ഭാരമായി അനുഭവപ്പെട്ടു എങ്കിലും ഞാൻ അസ്വാരസ്യം ഒന്നും പുറത്തു കാണിച്ചില്ല.

ക്ലാസ്സ് തുടങ്ങി ഏറെ വൈകിയാണ് മറ്റു കുട്ടി കളിൽ നിന്നും ഞാൻ തിരഞ്ഞെടുത്ത ഉന്നത വിദ്യാ ഭ്യാസ കോഴ്സിന് നിശ്ചിത ശതമാനം മാർക്ക് ആവ ശ്യമായിരുന്നു എന്നത് മനസ്സിലാകുന്നത്. എന്തു പറയണമെന്നൊ എങ്ങനെ എന്റെ പഠനം പൂർത്തി യാകുമെന്നൊ എനിക്ക് അറിയില്ലായിരുന്നു. കോളേജിൽ നിന്നും ലഭിച്ച പ്രോസ്പക്റ്റസ് ഒന്നു വായിച്ചു നോക്കുവാനൊ അതു പ്രകാരം പറഞ്ഞിരി ക്കുന്ന ശതമാനം മാർക്ക് എനിക്കുണ്ടോ എന്ന് പരി ശോധിക്കാനൊ ഞാൻ പ്രോസ്പകറ്റസ് വായിച്ചിട്ടി

ല്ലായിരുന്നു. എന്റെ അഡ്മിഷൻ, സംഘടന എന്നോടു കാണിച്ച വിശ്വാസത്തിന്റെ പേരിൽ ലഭിച്ച താണെന്ന് എനിക്ക് മനസ്സിലായി.

എന്റെ ആത്മവിശ്വാസ കുറവ് കണ്ടിട്ടാകണം വീട്ടുകാർ എന്നോടു കാര്യം തിരക്കി. ഞാൻ പ്രത്യേ കിച്ചൊന്നും പറഞ്ഞില്ല. പകരം പറഞ്ഞത് മറ്റൊന്നാ യിരുന്നു. ഞാൻ പഠനം അവസാനിപ്പിക്കുകയാണ്. ഡിഗ്രി കഴിഞ്ഞതല്ലെ, ഒരു ജോലി കണ്ടു പിടിക്ക ണം. പക്ഷെ വീട്ടുകാർ ഞാൻ പറഞ്ഞത് അംഗീക രിച്ചു കൊടുക്കാൻ തയ്യാറായിരുന്നില്ല. അവർക്ക് എന്താണു കാര്യമെന്നറിയണം. ഇത്തരം ഊടായി പ്പുകൾ അവർക്കു മനസ്സിലാകുന്നതല്ലല്ലൊ. അതു കൊണ്ടു തന്നെ മൗനം അവലംബിക്കാൻ ഞാൻ പര മാവധി ശ്രമിച്ചു നോക്കി. എന്റെ മൗനം അവരെ കൂടുതൽ അസ്വസ്ഥരാക്കി. എന്റെ ക്ഷമയും അവ സാനിച്ചിരുന്നു. ഞാൻ ഒരുവിധം വിക്കി വിക്കി കാര്യങ്ങൾ വിശദീകരിച്ചു.

കാര്യങ്ങളുടെ ഗുരുതരാവസ്ഥ അവർക്ക് മന സ്സിലായിരിക്കണം. അവർ ഞാനറിയാതെ എന്റെ അയൽവാസിയും സംഘടനാ നേതാവുമായ അമേ ഷിനോട് സംസാരിച്ചു. അമേഷ് ചിരിച്ചതേയുള്ളൂ. ഇതിലും എത്രയൊ വലുത് താൻ കൈകാര്യം ചെയ്തിരിക്കുന്നു എന്ന മട്ടിലായിരുന്നു അമേഷ്. ഇക്കാര്യം വെളിപ്പെടുത്തേണ്ട സമയം പറയാ മെന്നും അതുവരെ ഇക്കാര്യം ആരുമായും സംസാ

രിക്കേണ്ടതില്ലായെന്നുമായിരുന്നു അമേഷിന്റെ നില പാട്.

അധികം വൈകാതെ യൂണിവേഴ്സിറ്റിയിൽ നിന്ന് അറിയിപ്പ് വന്നു. അവരുടെ പരിശോധന യിൽ എനിക്ക് പഠനം തുടരുവാനായിട്ട് ആവശ്യ മായ മാർക്ക് ഇല്ലായെന്നും അതിനാൽ പഠനം തുട രാൻ അർഹതയില്ലെന്നുമായിരുന്നു അറിയിപ്പിന്റെ ഉള്ളടക്കം. അതുകൊണ്ടുതന്നെ മറ്റൊരാൾക്ക് അഡ്മിഷൻ സീറ്റ് നഷ്ടപ്പെട്ടതിനെപ്പറ്റി യൂണിവേ ഴ്സിറ്റി കുറ്റപ്പെടുത്തുന്നതുമായിരുന്നു അതിലെ വിശേഷങ്ങൾ. പതിവ് പോലെ അമേഷിനെ തന്നെ സമീപിച്ച് കാര്യങ്ങൾ വിശദമാക്കി. സംഘടനാ നേതാവ് എന്ന നിലയിൽ അമേഷിന്റെ നിലപാട് മറ്റൊന്നായിരുന്നു. ഉപരി പഠനത്തിന് അഡ്മിഷൻ തന്നതിനാൽ തുടർന്നു പഠിക്കാനുള്ള അവകാശം എനിക്കുണ്ടെന്നും പുതിയൊരു അഡ്മിഷനെടു ക്കാൻ ഇനി സമയമില്ലാത്തതിനാൽ തുടർന്നു പഠി ക്കേണ്ട ക്രമീകരണങ്ങളും അനുവാദവും തരേണ്ടതു ണ്ടെന്നും അമേഷ് തീർത്തു പറഞ്ഞു. ഗൗര വമായതും തെറ്റെന്ന് എനിക്ക് തോന്നുന്നതുമായ കീഴ്വഴക്കങ്ങൾക്ക് യൂണിവേഴ്സിറ്റി അനുവാദം തരുമെന്ന പ്രതീക്ഷ എനിക്കുണ്ടായിരുന്നില്ല. അമേ ഷിനോട് മറിച്ചെന്തെങ്കിലും പറയാൻ എനിക്ക് കഴി ഞ്ഞില്ല.

യൂണിവേഴ്സിറ്റിക്കും കോളേജ് അധികൃ തർക്കും വിശദമായ മറുപടി കൊടുക്കുവാൻ തീരു

മാനിച്ചു. മറുപടി അമേഷ് തന്നെയാണ് തയ്യാറാക്കിയത്. കോളേജ് അധികൃതർ പറഞ്ഞ അവസാന തീയതിയിലാണ് ഞാൻ മറുപടി കൊടുത്തത്. അതോടൊപ്പം യൂണിവേഴ്സിറ്റി അധികൃതർക്കും എന്റെ നിസ്സഹായവസ്ഥ വിവരിക്കുന്ന മറുപടികൾ കൈമാറി. പിന്നീട് എല്ലാ കാര്യങ്ങളും അമേഷാണ് എനിക്ക് വേണ്ടി ചെയ്ത് തന്നത്. അയാൾ ചോദിക്കുന്ന പണത്തിനായി അൽപ്പംപോലും മടി കാണിച്ചില്ലെങ്കിലും എനിക്ക് പ്രതീക്ഷ വളരെ കുറവായിരുന്നു. തെറ്റായ പ്രവണതയെ യൂണിവേഴ്സിറ്റി അംഗീകരിക്കുമെന്നൊ എനിക്ക് പഠനം തുടരാൻ അനുവദിക്കുമെന്നൊ ഉള്ള പ്രതീക്ഷ എനിക്കില്ലായിരുന്നു. അത്തരം കാര്യങ്ങൾ വിശദമാക്കുമ്പോൾ അമേഷ് പറയും. ഏതു യൂണിവേഴ്സിറ്റിയായാലും മനുഷത്വം എന്ന വാദഗതികളുടെ പേരിൽ ഇക്കാര്യം നടത്തി തരുമെന്നു അമേഷ് തീർത്തു പറഞ്ഞു.

യൂണിവേഴ്സിറ്റി കൗൺസിലിന്റെ മുമ്പാകെ എന്റെ കാര്യം വന്നപ്പോൾ തന്നെ അമേഷ് ഇക്കാര്യവുമായി ബന്ധപ്പെട്ട് കൗൺസിൽ അംഗങ്ങളുമായി സംസാരിച്ചിരുന്നു. നമ്മുടെ സംഘടനയുടെ മുതിർന്ന നേതാവായിട്ടാണ് അമേഷ് എന്നെ പരിചയപ്പെടുത്തിയത്. അതുകൊണ്ടു തന്നെ ഇക്കാര്യം അനുഭാവപൂർവ്വം പരിഗണിച്ചില്ലെങ്കിൽ സംഘടനയെ തന്നെ അതു ബാധിക്കുമെന്നും അമേഷ് അവരെ ബോധ്യപ്പെടുത്തി. അതുകൊണ്ടു തന്നെ സംഘടനയുമായി ബന്ധപ്പെട്ടവരെല്ലാം അനൗദ്യോ

ഗികമായി കാര്യങ്ങൾ തീരുമാനിച്ചിരുന്നു. കൗൺസിൽ മുമ്പാകെ എന്റെ പ്രവേശന വിഷയം വന്നപ്പോൾ സംഘടനയുടെ തന്നെയായുള്ള കൗൺസിൽ അംഗം കാര്യങ്ങൾ വിവരിക്കുകയും പ്രത്യേക സാഹചര്യം ആയി പരിഗണിച്ച് എനിക്ക് തുടർന്ന് പഠിക്കാൻ അവസരം കൊടുക്കണമെന്നും വാദിച്ചു. കാര്യങ്ങൾ വിശദമായി പഠിക്കേണ്ടതു ണ്ടെന്നും പിന്നിട് കാര്യങ്ങൾ തീരുമാനമാനിക്കാമെ ന്നുമൊക്ക ചില അംഗങ്ങൾ പറഞ്ഞു നോക്കിയെ ങ്കിലും നേതാവ് വിട്ടു കൊടുക്കാൻ തയ്യാറായിരുന്നി ല്ല. വിദ്യാർത്ഥികളുടെ കാര്യം വരുമ്പോൾ കൗൺസിലിന് ഇരട്ടത്താപ്പാണെന്നും ഇക്കാര്യം നീട്ടി വക്കുന്നത് വിദ്യാർത്ഥികളോട് ചെയ്യുന്ന വലിയ അപരാധമായിരിക്കുമെന്നും വിശദീകരിച്ചു. അനൗപചാരികമായി തീരുമാനിച്ച കാര്യമായിരുന്ന തിനാൽ ഓരോരുത്തരായി അവരവരുടെ അനുകൂല മായ നിലപാട് വ്യക്തമാക്കി. പഠനം പാതിവഴിയിൽ ഉപേക്ഷിക്കാൻ പറയരുതെന്നും പ്രത്യേക സാഹച ര്യം പരിഗണിച്ച് തുടർന്നു പഠിക്കാൻ എന്നെ അനു വദിക്കണമെന്ന ആവശ്യം അങ്ങനെ അംഗീകരിച്ചു.

അമേഷ് വിളിക്കുമ്പോൾ തീരെ പ്രതീക്ഷ നഷ്ടപ്പെട്ടവനെപ്പോലെയാണ് ഞാൻ സംസാരിച്ചത്. എന്നേയും എന്റെ വീട്ടുകാരേയും അമ്പരപ്പിക്കുന്ന തായിരുന്നു അമേഷ് പറഞ്ഞ വാർത്തകൾ. അമേഷ് നേതാവിനോടൊപ്പം വരുമെന്ന് പറഞ്ഞ ദിവസം മുൻകൂട്ടി പറഞ്ഞുവച്ച പണത്തിന്റെ പൊതി തയ്യാറാക്കി വക്കുന്ന തിരക്കിലായിരുന്നു വീട്ടുകാർ.

## പെട്ടിക്കടകൾക്കിടയിലെ കാമ്പസ് ജീവിതങ്ങൾ

**ഞ**ങ്ങളുടെ കോളേജിൽ വളരെ പെട്ടെന്നാണ് മയക്കുമരുന്ന് പടർന്നു പിടിച്ചത്. അതുകൊണ്ടുതന്നെ അക്രമസംഭവങ്ങളും അടിപിടിയുമൊക്കെ സാധാരണ സംഭവങ്ങളായിരുന്നു. ഞങ്ങളുടെ സംഘടനയുമായി ബന്ധപ്പെട്ടുള്ള തർക്കമാണ് കുപ്പിയേറും വടിവാളുമായിട്ടുള്ള അരങ്ങായി മാറിയത്. നീണ്ടു പരന്നു കിടക്കുന്ന കേളേജ് കാമ്പസ്സിൽ പെട്ടിവണ്ടി കച്ചവടക്കാർ വർദ്ധിക്കുന്നതായും മയക്കു മരുന്ന് വിൽപ്പനയെ സഹായിക്കുന്ന ഘടകമായി മാറുന്നു എന്നു പരാതി വന്നതും അങ്ങനെയാണ്. ഞങ്ങളുടെ സംഘടനയായിരുന്നു ക്യാമ്പസ്സിലെ വലിയ സംഘടന എന്നതുകൊണ്ടു തന്നെ എവിടെ ആരൊക്കെ എന്തു വിൽക്കണം എന്ന് തീരുമാനിക്കാനുള്ള അവകാശവും ഞങ്ങളുടെ സംഘടനാ നേതാക്കൾക്കായി. ഞങ്ങളുടെ സംഘടനാ നേതാക്കൾ പറയുന്നത് അപ്പാടെ ശരിയാണെന്ന് ഞങ്ങൾ സമ്മതിക്കുകയും ഞങ്ങൾ അവർക്കായി തൊണ്ട കീറി മുദ്രാവാക്യം വിളിക്കുകയും ചെയ്യുക പതിവായി.

ഞങ്ങൾ കോളേജിലേക്ക് വരുന്ന ദിവസം അവിടെ സമരമായിരുന്നു. എന്തിനാണ് സമരമെന്ന് ആരും ചോദിച്ചതുമില്ല, ആരും പറഞ്ഞതുമില്ല. സമരമെന്നത് ആവശ്യം വേണ്ട കാര്യമാണെന്നും കുടിക്കാൻ വെള്ളം ലഭിക്കുന്നതും ശ്വസിക്കാൻ വായു ലഭിക്കുന്നതും ഉടുക്കാൻ തുണി ലഭിക്കുന്നതും താമസിക്കാൻ വീട് ലഭിക്കുന്നതുമെല്ലാം സമരം ചെയ്തതുകൊണ്ടാണ് എന്ന് മനസ്സിലാക്കിയിരുന്നതിനാലാണ് ഞങ്ങൾ എന്തിനാണ് സമരം എന്ന ചോദ്യം ചോദിക്കാതിരുന്നത്. അതുകൊണ്ട് തന്നെ സമരമെന്നത് ഒരു ജനാധിപത്യ രാജ്യത്ത് ആവശ്യം വേണ്ടതാണെന്നും സമരം എപ്പോഴും എന്തിനും ഏതിനും എന്നതായിരിക്കണം നമ്മുടെ മുദ്രാവാക്യം എന്ന് നേതാക്കൾ പറഞ്ഞു തന്നപ്പോൾ ഞങ്ങൾ അതിനെ ചോദ്യം ചെയ്തില്ല. ചോദ്യം ചെയ്യേണ്ടത് അനാവശ്യ കാര്യമാണെന്നും ഞങ്ങൾ പൂർണ്ണമായും വിശ്വസിച്ചു.

സമരം കഴിഞ്ഞ് മുദ്രാവാക്യം വിളിച്ച് ഞങ്ങൾ തൊണ്ട കീറി അവശതയിൽ നിൽക്കുന്നത് കണ്ടിട്ടാകണം നേതാക്കൾ അതിനു മുമ്പെ രസീത് കുറ്റി വഴിയും അല്ലാതെയും പിരിച്ചെടുത്ത് വച്ചിരിക്കുന്നതിൽ നിന്ന് മാറ്റാനായി ഞങ്ങളെ വിളിക്കുന്നത്. മദ്യത്തിന്റെയും പുകയിലയുടേയും ഗന്ധമെ ഞാനാദ്യം മനസ്സിലാക്കിയിരുന്നുള്ളൂവെങ്കിലും പന്നീട് അതിൽ ചിലരൊക്കെ മയക്ക് മരുന്നും കൈമാറുന്നവരാണെന്ന് താമസിയാതെ മനസ്സിലാക്കി. അത്തരമൊരവസരത്തിലാണ് എന്റെ നേരെ

ബീഡി ചൂണ്ടി ഒരു പുക എടുക്കാൻ പറയുന്നതും. എനിക്ക് പുക വലിക്കുന്നവരെയൊ അതിന്റെ മണമൊ ഇഷ്ടമല്ലായിരുന്നുവെങ്കിലും അവർക്കിട യിൽ അസ്വാരസ്യമായി മാറാനുള്ള മടി കാരണം ഞാൻ മൗനം പാലിച്ചതെയുള്ളൂ.

സമരകോലാഹലങ്ങളും സംഘം ചേർന്നുള്ള സംഘടനാ ശക്തിയുമൊക്കെ എനിക്ക് പ്രത്യേക ആത്മവിശ്വാസം നൽകിയിരുന്നു. എന്തിനും ഏതിനും കൂടെ ആളുണ്ടെന്ന തോന്നൽ എനിക്ക് നൽകിയ ആത്മവിശ്വാസം ചെറുതായിരുന്നില്ല. അതുകൊണ്ടുതന്നെ നേതാക്കൾ പറയുന്ന അപ്രിയ സത്യങ്ങൾക്ക് മുമ്പിൽ പ്രത്യേകം മൗനം പാലി ക്കാൻ ഞാൻ ശ്രമിച്ചിരുന്നു. അരോടൊത്ത് സംഘം ചേർന്നുള്ള മുദ്രാവാക്യങ്ങളും പാട്ട പിരി വുകളും അതിനു ശേഷമുള്ള ആസ്വാദ്യമായ കൂടി ച്ചേരലുമൊക്കെ എന്നിൽ മദ്യത്തോടും മയക്കുമരു ന്നിനോടുമുള്ള വെറുപ്പ് ചെറുതായി ചെറുതായി കൊണ്ടിരുന്നു. മദ്യവും മയക്കു മരുന്നുമൊന്നുമി ല്ലാത്ത സമൂഹത്തെപ്പറ്റി ചിന്തിക്കാൻ പറ്റുന്നില്ല എന്ന് കൂട്ടത്തിലുള്ളവർ പറയുമ്പോഴും ഞാൻ മൗനം പാലിച്ചതെയുള്ളൂ.

വീട്ടിൽ നിന്ന് കോളേജിലേക്ക് പോവുകയാ ണെന്ന് പറഞ്ഞ് ഇറങ്ങിയാലും പലപ്പോഴും ക്ലാസ്സിൽ കയറാൻ മനസ്സ് വന്നിരുന്നില്ല. കൂട്ടം കൂടിയും സംഘം ചേർന്നും ആരോടെങ്കിലും ഉച്ച ത്തിൽ സംസാരിക്കുകയൊ ഭയപ്പെടുത്തുകയൊ

ചെയ്താൽ മാത്രമെ ഒരു ദിവസത്തിനു പൂർണ്ണത കിട്ടുന്നതായി തോന്നിയുള്ളൂ. ആയിടക്കാണ് ഏതാണ്ട് ഒറ്റപ്പെട്ടവനെപ്പോലെ നിൽക്കുന്ന അവസ്ഥ യിൽ ഞങ്ങളുടെ സംഘത്തിലെ പ്രധാന മയക്ക് മരുന്നു വിൽപ്പന നടത്തുന്നവനും സംഘത്തിലെ ശക്തിയുമായ ഗണേഷ് അവിടേക്ക് വരുന്നത്. ഗണേഷ് ഞങ്ങളുടെ സംഘം ചേർന്നുള്ള സംഘട്ട ത്തിനായുള്ള പ്രധാന ശക്തിയായി തുടരുന്നവായി രുന്നുവെങ്കിലും എന്തു കൊണ്ടോ ഞാൻ അവനു മായി പ്രത്യേക അകലം പാലിച്ചിരുന്നു. മറ്റുള്ളവരാ കട്ടെ തങ്ങളുടെ സമരത്തിലും ആളെ കൂട്ടുന്നതിലു മൊക്കെ ഗണേഷിന്റെ സാന്നിധ്യം ഇഷ്ടപ്പെടുന്നവ രായിരുന്നു.

ഞങ്ങളുടെ താവളത്തിലേക്ക് ഗണേഷ് വരു ന്നതു കണ്ടപ്പോൾ ഒറ്റപ്പെട്ടവനെപ്പോലെ നിൽക്കുക യായിരുന്ന ഞാൻ ഒഴിഞ്ഞു മാറാൻ പ്രത്യേകം ശ്രമി ച്ചു. പല പരിധി വിട്ട റാഗിംങ്ങുകളിലും ഗണേഷിന്റെ പേര് ഉയർന്നു വരാറുള്ളതാണ്. അതു കൊണ്ടു തന്നെ ഒറ്റപ്പെട്ട അവസ്ഥയിൽ ഗണേഷിനെ കാണുന്നത് തന്നെ എന്നിൽ ഭയപ്പാടുളവാക്കി. ഞാൻ പോകാൻ ശ്രമിക്കുന്നത് കണ്ട് ഗണേഷ് എന്നോട് ഇരിക്കാൻ ആവശ്യപ്പെട്ടു. പലവിധ ത്തിലും ഭയപ്പാടോടെ ഒഴിഞ്ഞു മാറാൻ ശ്രമിച്ചെ ങ്കിലും ഗണേഷ് ഏതു തരത്തിൽ പ്രതികരിക്കും എന്ന ഭയപ്പാടോടെ ഞാൻ ഗണേഷിന്റെ ആജ്ഞയെ അനുസരിച്ചു. ഒരു ബീഡി ആഞ്ഞു വലിച്ചിട്ട് എന്റെ നേരെ നീട്ടി. എങ്ങോട്ടെങ്കിലും ഓടി രക്ഷ

പെടണമെന്നുണ്ടായിരുന്നു. എന്റെ കാലുകളിലെ ശക്തി ഒരു കരിമ്പൂതത്തിന്റെ മുമ്പിൽ അകപ്പെട്ടതു പോലെ മരവിച്ചു പോയിരുന്നു.

ഗണേഷ് എന്നോട് ബീഡി വലിക്കാൻ ആവശ്യപ്പെട്ടു. സാധാരണ ബീഡിയല്ലെന്നും എന്നെങ്കിലും അത്തരം ബീഡി പുകയുടെ ആസ്വാദ്യത അറിയണമെന്നുമൊക്കെ എനിക്കുമുണ്ടായിരുന്നു. പക്ഷെ ഗണേഷ് എന്റെ നേർക്ക് നീട്ടിയ ബീഡി വാങ്ങുവാനൊ അതിന്റെ രുചിഭേദം ഇപ്പോൾ ആസ്വദിക്കാനൊ ഉള്ള അവസ്ഥയിലായിരുന്നില്ല ഞാനപ്പോൾ. ഗണേഷ് എന്നെ തറപ്പിച്ച് നോക്കുകയും എന്നോട് ആജ്ഞാപൂർവ്വം ആവശ്യപ്പെടുകയും ചെയ്തു. ഭയത്തിന്റെ രൂപത്തിലാണ്ട എന്റെ കൈകൾ താനെ ബീഡിക്കു നേരെ കൈനിട്ടി. അതൊരു തുടക്കമായിരുന്നു.

വിദ്യാർത്ഥികളുടെ എണ്ണം കൂടിയതുകൊണ്ടാണ് പെട്ടിക്കടകൾ കൂടുതലായി വരുന്നതെന്ന വാദം വിശ്വസിക്കാതിരിക്കാൻ ഞങ്ങൾക്കാവുമായിരുന്നില്ല. വിദ്യാർത്ഥികൾക്കാവശ്യമായതും മാർക്കറ്റിൽ ലഭ്യമാകുന്നതുമായ ഒട്ടുമിക്ക സാധനങ്ങളും പെട്ടിക്കടകൾ വഴി ലഭ്യമാകുന്നതിനാൽ വിദ്യാർത്ഥികൾക്ക് അത് ഒരനുഗ്രഹമായി മാറി. ആയിടക്കാണ് ഗണേഷ് എന്റെ നേരെ കൈചൂണ്ടിയത്. ഏതൊ വൈതരണിയിൽ വന്നു പെട്ടിരിക്കുന്നതായി തോന്നി. മയക്ക് മരുന്ന് സമയത്ത് കിട്ടിയില്ലെങ്കിൽ കൂടെ നിൽക്കുന്നവരെ കടിച്ചു മാന്തി കീറുന്നത്

താൻ തന്നെ നേരിട്ട് കണ്ടിട്ടുള്ളതാണ്. അൽപ്പം ഭയപ്പാടോട് കൂടിയാണ് ഗണേശ് പറഞ്ഞത് പ്രകാരം പെട്ടിക്കടയിലേക്ക് പോയതും ഗണേശ് പറഞ്ഞ പ്രകാരമുള്ളത് ആവശ്യപ്പെട്ടതും. പെട്ടിക്കടക്കാരന് ഒരുപക്ഷെ എന്നെ പരിചയമില്ലാത്തതുകൊണ്ടായിരിക്കാം അയാൾ ഒന്നും മനസ്സിലാകാതെ കൈ മലർത്തി.

അൽപ്പം ജാള്യതയോടെയൊണ് ഗണേഷിന് മുമ്പിൽ കാര്യങ്ങൾ അവതരിപ്പിച്ചത്. മറുപടി എന്റെ മുഖമടച്ചുള്ള അടിയായിരുന്നു. പിന്നീട് എന്താണ് സംഭവിച്ചതെന്ന് എനിക്കൊന്നും ഓർമ്മയുണ്ടായിരുന്നില്ല. എന്റെ വസ്ത്രങ്ങൾ കീറി പറിഞ്ഞിരിക്കുന്നതായും എന്റെ ശരീരം നുറുങ്ങുന്നതായും എനിക്ക് അനുഭവപ്പെട്ടു. ആകെ അവശതയിലായ എന്നെ അദ്ധ്യാപകർ വന്നാണു പോലും ആശുപത്രിയിലെത്തിച്ചത്.

കാര്യങ്ങളുടെ നിജസ്ഥിതി അറിയേണ്ടതുണ്ടെന്നും വ്യക്തമായി കാര്യങ്ങൾ പറയേണ്ടതുണ്ടെന്നും പറഞ്ഞപ്പോൾ ഏറെക്കുറെ എനിക്കറിയാവുന്ന കാര്യങ്ങൾ അവരെ ബോധിപ്പിച്ചു. പറഞ്ഞ കാര്യങ്ങൾ എഴുതിക്കൊടുക്കണമെന്ന് പറഞ്ഞതിൽ നിന്നും കാര്യങ്ങൾ എന്റെ കൈവിട്ടു പോകുന്നതായി എനിക്ക് മനസ്സിലായി. ഞാൻ എന്റെ നിസഹായത ബോധ്യപ്പെടുത്താൻ ശ്രമിച്ചില്ല. ഭയം എന്റെ മനസ്സിനെ അപ്പോഴേക്കും കീഴ്പ്പെടുത്തിയിരുന്നു.

കാര്യങ്ങളുടെ ഗൗരവം ഉൾക്കൊണ്ടിട്ടാകണം വിഷയം കോളേജ് കമ്മിറ്റിയുടെ മുമ്പാകെ വന്നത്. ഞങ്ങളുടെ സംഘടന അതിനു മുമ്പ് തന്നെ കോളേജ് കമ്മിറ്റി മുമ്പാകെ എടുക്കേണ്ട നിലപാടു കളെപ്പറ്റി തീരുമാനിച്ചുറപ്പിച്ചാതായിരുന്നു. അത് പ്രകാരം സംഘടനയുടെ പ്രതിനിധി വിദ്യാർത്ഥിക ൾക്ക് ആവശ്യമായ മുട്ടുസൂചി മുതൽ ബിരിയാണി വരെ ലഭ്യമാക്കുന്ന പെട്ടിക്കടകൾ നിരോധിക്കുന്നതി നെതിരെയുള്ള നിലപാടെടുത്തു. പെട്ടിക്കട നട ത്തുന്ന പാപങ്ങളെ ദ്രോഹിക്കരുതെന്നും അവ യെല്ലാം തുറന്ന് പ്രവർത്തിക്കാനുള്ള അനുവാദം തുടർന്നും നൽകണമെന്ന നിലപാടാണ് സംഘടന സ്വീകരിച്ചിരുന്നത്. മുൻ നിശ്ചയ പ്രകാരം പാവ ങ്ങളെ ദ്രോഹിക്കരുതെന്ന വാദഗതി എല്ലാവരും കൈ കൊട്ടി അംഗീകരിച്ചു. അപ്പോഴും ഗണേഷ് ആവശ്യമായ മയക്ക് മരുന്നുകളുടെ സ്റ്റോക്ക് പറ ഞ്ഞുറപ്പിച്ച പോലെ ഏതാനും പെട്ടിക്കടകളിൽ എത്തിക്കാനുള്ള ശ്രമത്തിലായിരുന്നു.

000

## പാരവശ്യത്തിനൊരു ശമനം

**ഞാ**ൻ വാണിജ്യ-സാമ്പത്തിക മേഖലയിലെ പ്രധാന വ്യക്തിയാണ് എന്നതാണ് എനിക്ക് എന്നും തോന്നിയിട്ടുള്ളത്. എനിക്കില്ലാ എന്നു തോന്നുന്ന റെപ്യൂട്ടേഷൻ കിട്ടുവാനായിട്ടുള്ള പലവിധ നടപടികൾ എടുക്കുന്നതിന് മുൻകൈ എടുക്കുന്നുമുണ്ട്. ഞാൻ മുൻകൈ എടുത്ത് സർക്കാരിൽ നിന്ന് എന്തെങ്കിലും പട്ടം കിട്ടുമൊ എന്ന് ശ്രമിച്ച് പരാജയപ്പെട്ടിരിക്കുമ്പോഴാണ് രാജാവിന്റെ ഹെലിക്കോപ്റ്റർ കൊടുക്കാനുണ്ട് എന്ന് കേൾക്കുന്നത്. പാരമ്പര്യത്തിന്റെ മകുടോദാഹരണമായിട്ടാണ് ഞാനതിനെ കാണുന്നതും.

കോടി രൂപ വിലമതിക്കുന്ന ഏറ്റവും നൂതനവും ആധുനീക ടെക്നോളജിയെ വെല്ലുന്നതുമായ ഹെലികോപ്ടർ എനിക്കുണ്ട് എന്നതാണ് എടുത്ത് പറയുവാനുള്ളത്. അതുകൊണ്ട് തന്നെ എന്തിനാണ് പഴയതും കുടുംബ സമേതം ഒരിടത്തേക്ക് യാത്ര പോകാൻ പറ്റാത്തതുമായ മറ്റൊരു ഹെലികോപ്റ്റർ സ്വന്തമാക്കുന്നത് എന്ന് നിങ്ങൾ ചോദിക്കുമായിരിക്കാം. ഉത്തരം നിങ്ങൾ തന്നെ ഇടക്കിടക്ക് പറയുന്നത് തന്നെയാണ്. ഒരു പുത്തൻപണക്കാരൻ എന്ന്

നിങ്ങൾ ഇടക്കിടെ മന്ത്രിക്കുന്നത് ഞാൻ ഇടക്കിടെ അനുഭവിക്കുന്നുണ്ട്. എന്റെ രക്തം ചൂടാകുന്നു ണ്ടെന്നും എന്റെ സമനില തെറ്റുമെന്നുമൊക്കെ നിങ്ങൾക്ക് നല്ലവണ്ണം അറിയാവുന്നതു കൊണ്ടാണ് എനിക്കുള്ള പോരായ്മകളെ ഒറ്റ വാക്കിൽ നിങ്ങൾ പറഞ്ഞൊതുക്കുന്നത് എനിക്ക് നന്നായറിയാം.

ഞാൻ വിദേശത്തേക്ക് പോകുന്നത് കള്ള വണ്ടി കയറിയാണെന്നും അവിടെ എച്ചിൽ കഴു കിയും പാദസേവ ചെയ്തുകൊണ്ടുമാണ് ഞാൻ എന്റെ പടവുകൾ ഒന്നൊന്നായി ചവിട്ടി കയറിയത് എന്നും നിങ്ങൾ തമ്മിൽ തമ്മിൽ പറയുന്നത് ഞാൻ അനുഭവിച്ചറിയാറുണ്ട്. അത്തരം പാദസേവ ചെ യ്തവനാണ് എന്നതുകൊണ്ടാണ് ഞാൻ നിങ്ങൾക്ക് മറ്റു ജോലി സ്ഥലങ്ങളിൽ ഒരോരുത്തർക്കും ലഭി ക്കുന്നത്ര കൂലിയും സാഹചര്യങ്ങളും നൽകാത്തത് എന്ന് നിങ്ങൾ പറയുന്നതും എനിക്ക് മനസ്സിലാക്കാ വുന്നതാണ്. ഇത്രയും കുറഞ്ഞ കൂലിക്കും കുറഞ്ഞ സൗകര്യത്തിനും നിങ്ങൾ ജോലി ചെയ്യാൻ തയ്യാറാകുന്നതു കൊണ്ടു കൂടിയാണ് ഞാനിപ്പോൾ നിങ്ങൾ പറയുന്നത് പോലെ വാണിജ്യ മേഖലയിലെ കിങ് ആയി മാറിയതും.

ഇടക്കിടെയുള്ള എന്റെ നാട്ടിലേക്കുള്ള വരവ് നിങ്ങൾ കാത്തിരിക്കുകയാണ് എന്ന് എനിക്കറിയാം. ആരാധനാലയങ്ങൾക്കും പൊതു പരിപാടികൾക്കും എന്നെ ക്ഷണിക്കുന്നതിന് നിങ്ങൾ പ്രതീക്ഷിക്കുന്ന ത്രയും തുക നൽകുന്നതു കൊണ്ടു കൂടിയാണ്

നിങ്ങൾ എന്നെ വാനോളം പുകഴ്ത്തുന്നത് എന്നും എനിക്കറിയാം. ഭക്തി പ്രധാനദിവസങ്ങളിൽ നമ്മുടെ ആരാധനാലയങ്ങളിൽ മാത്രമല്ലല്ലൊ ആളുകൾ കൂടുന്നത്. എന്റെ മട്ടുപ്പാവിന്റെ കീഴിലെ പുൽമേടയിലും ആളുകൾ കൂടുന്നത് എന്നെ കാണു വാൻ എന്നതിലപ്പുറം ഞാൻ താഴേക്കിടുന്ന പുത്തൻ നോട്ടുകൾ പെറുക്കിയെടുക്കാനായിട്ടാണ ല്ലൊ. അത് എന്റെയൊരു പ്രതികാരം കൂടിയാണ്.

എന്റെ കുട്ടിക്കാലം മനോഹരമായിരുന്നില്ല. മനോഹരമായിരുന്നുവെങ്കിൽ ഞാനൊരിക്കലും പുറം രാജ്യത്തേക്ക് പോവുകയൊ അവിടെ വ്യാണി ജ്യ സംരഭങ്ങൾ തുടങ്ങുകയൊ ചെയ്യുകയില്ലായിരു ന്നു. ഞാൻ മട്ടുപ്പാവിൽ നിന്ന് വലിച്ചെറിയുന്ന നോട്ടുകൾ പെറുക്കിയെടുക്കാൻ ആക്രാന്തം കാണി ക്കുന്ന നിങ്ങളെ കാണുമ്പോൾ ഓർമ്മ വരുന്നത് ആഹാരത്തിനായി ആക്രാന്തം കാണിച്ചിരുന്ന എന്റെ കുട്ടിക്കാലം തന്നെയാണ്. അതുകൊണ്ട് തന്നെ നിങ്ങളെ പരമാവധി കുമ്പിടുവിക്കുക എന്റെ ആനന്ദ ങ്ങളിൽ ഒന്നു തന്നെയാണ്.

കോടികൾ സമ്പാദ്യമുണ്ടായിട്ടൊ നിങ്ങളെ പ്പോലുള്ള സാധാരണ ജനങ്ങൾ എന്റെ മുമ്പിൽ കുമ്പിട്ടതുകൊണ്ടൊ, രാഷ്ട്രീയക്കാരും ഭരണ തലപ്പ ത്തുള്ളവരും കാര്യസാധ്യത്തിനായി എന്റെ മുമ്പിൽ കുമ്പിട്ടതുകൊണ്ടൊ ഒന്നും എനിക്ക് മതിയാവുന്നി ല്ല. രാഷ്ട്രീയക്കാരിൽ ഭൂരിപക്ഷത്തിന്റേതും ഭരണ തലത്തിൽ ഭൂരിപക്ഷത്തിന്റേയും പൂർവ്വ ചരിത്രവും

ഒളിച്ചോട്ടവുമെല്ലാം ഞാനുമായി താരതമ്യം ചെയ്യുമ്പോൾ വ്യത്യസ്ഥമല്ല. അതുകൊണ്ടു കൂടിയാണ് ഇത്തരം പേക്കോലങ്ങൾ എന്റെ മുമ്പിൽ തല കുമ്പിട്ട് കാര്യസാധ്യത്തിനായി നിലകൊള്ളുമ്പോഴും ഞാൻ സംതൃപ്തനല്ലാതെ പോവുന്നത്. അതുകൊണ്ടു കൂടിയാണ് രാജപ്രതാപത്തിന്റെ ഐശ്യരമായി കരുതുന്ന ഹെലിക്കോപ്റ്റർ സ്വന്തമാക്കാൻ ഞാൻ ശ്രമിക്കുന്നതും.

ഞാൻ ഹെലിക്കോപ്റ്ററിനെപ്പറ്റി കേൾക്കുന്നത് പുതിയ പുതിയ യാത്രാ വാഹനങ്ങൾ വാങ്ങിക്കൂട്ടുന്ന തിരക്കിനിടയിലാണ്. അതുകൊണ്ടു തന്നെ പഴയ രാജപ്രതാപത്തിന്റെ പ്രതിരൂപമായി കാണുന്ന യാത്രക്ക് പറ്റീയ ഹെലിക്കോപ്റ്റർ സ്വന്തമാക്കണമെന്ന ആഗ്രഹമുദിച്ചത്. രാജാവ് ജീവിച്ചിരിക്കെ തന്നെ അതു സ്വന്തമാക്കാൻ എനിക്കാഗ്രഹമുണ്ടായിരുന്നു. അന്നൊന്നും അത് തരപ്പെടുത്താൻ എനിക്ക് കഴിഞ്ഞില്ല. എത്ര തുക കൊടുത്തും ഹെലിക്കൊപ്റ്റർ വാങ്ങാൻ തയ്യറാണെന്നറിയിച്ചിട്ടും അദ്ദേഹം തയ്യാറാകാതിരുന്നത് എന്നെ വല്ലാതെ സ്വാധീനിച്ചിരുന്നു. എന്റെ വിദേശത്തുള്ള കൊട്ടാര സമാനമായ വസതിയിലേക്ക് അദ്ദേഹത്തെ സന്ദർശനത്തിനായി ക്ഷണിച്ചപ്പോഴും അദ്ദേഹത്തെ എന്റെ ആഗ്രഹവും എന്തു വിലയും തരാൻ തയ്യാറാണെന്ന കാര്യവും അറിയിച്ചിരുന്നു. പക്ഷെ അദ്ദേഹത്തിന്റെ നിലപാട് വ്യത്യസ്ഥമായിരുന്നു. അദ്ദേഹവും ഒരു പുത്തൻ പണക്കാരൻ എന്ന് എന്നെ പിറപിറുത്ത് അപമാനിച്ചിരിക്കാം.

രാജാവിന്റെ മരണാനന്തരമാണ് പിന്നീട് എന്റെ പഴയ ഹെലിക്കോപ്റ്ററിനോടുള്ള ആഗ്രഹം മുളപൊട്ടി പുറത്തു വന്നത്. ഞാനക്കാര്യം മറച്ചു വച്ചില്ല. ഏറ്റവും മുന്തിയ വിലയും ഹെലിക്കോപ്റ്റർ മെയ്ന്റനൻസ് ചെയ്യുന്നതിലുള്ള വൈഷമ്മ്യങ്ങളു മൊക്ക പറഞ്ഞ് ബോധ്യപ്പെടുത്തി ഞാനത് സ്വന്തമാക്കുകയായിരുന്നു. വല്ലപ്പോഴുമൊക്കെ നാട്ടിലെക്ക് വരുമ്പോൾ മട്ടുപ്പാവിലിരുന്ന് ഹെലിക്കോപ്റ്ററിനെ നോക്കിക്കാണുമ്പോൾ എന്തെന്നില്ലാത്ത എന്റെ പാരവശ്യത്തിന് ഒരു ശമനം കിട്ടുമായിരന്നു.

000

# കേശവന്റെ കഥ എന്റെ വിധിയും



## എസ്.കാച്ചപ്പിള്ളി

രാജാവിന്റെ മരണാനന്തരമാണ് പിന്നീട് പഴയ ഹെലിക്കോപ്റ്ററിനോടുള്ള എന്റെ ആഗ്രഹം മുള പൊട്ടി പുറത്തു വന്നത്. ഞാനക്കാര്യം മറച്ചു വച്ചി ല്ല. ഏറ്റവും മുന്തിയ വിലയും ഹെലിക്കോപ്റ്റർ മെയ്ന്റനൻസ് ചെയ്യുന്നതിലുള്ള വൈഷമ്മ്യങ്ങളു മൊക്ക പറഞ്ഞ് ബോധ്യപ്പെടുത്തി ഞാനത് സ്വന്തമാ ക്കുകയായിരുന്നു. വല്ലപ്പോഴുമൊക്കെ നാട്ടിലെക്ക് വരുമ്പോൾ മട്ടുപ്പാവിലിരുന്ന് ഹെലിക്കോപ്റ്ററിനെ നോക്കിക്കാണുമ്പോൾ എന്തെന്നില്ലാത്ത എന്റെ പാരവശ്യത്തിന് ഒരു ശമനം കിട്ടുമായിരന്നു.

വിതരണം:
**സംസ്ക്കാര, കൊച്ചി-682509**
Tel: 9446459784